സീതാസ്വയം
വരം

ഓട്ടൻതുള്ളൽ.

മഹാരാജമാന്യരാജശ്രീ

ഉളനാട്ടു മൂത്തപണിക്കരായ

കഞ്ഞൻപണിക്കരെ

അവർകളുടെ ഭാര്യ

ശ്രീമതി

കോങ്ങാട്ടിൽ ഇട്ടിമായമ്മ

അവർകളാൽ

ഉണ്ടാക്കപ്പെട്ടത്.

വടപത്തൂർ ഭാരതവിലാസം

കൂടത്തിൽ അച്ചടിച്ചത്.

1068.

സീതാസ്വയംവരം

ഓട്ടൻതുള്ളൽ

ഹരിഃ ശ്രീ ഗണപതയെ നമഃ

അവിഘ്നമസ്തു.

മുപ്പാരിന്നീശനായ്പ്പരിചൊടുപരമാർ
ത്ഥപ്രബോധിപ്പുമെല്ലാ-
മപ്പോഴേകുന്നദേവൻഗുണഗണനിലയൻ
ശ്രീപ്രയാറിന്നധീശൻ
ഇപ്പാപംതീൎത്തുനന്നായ്ക്കവിതയിലതിസ-
ന്തായിട്ടംവാക്സമൂഹം
കെല്പോടേകീടുവാനായ്തെളിവൊടിഹനമി-
ക്കുന്നുചിക്കെന്നിതാഞാൻ.

ത്രിപുരന്മാരെസ്സപുരംതന്നുടെ
വിപുലാക്ഷാഗ്നിയിലാഹുതിചെയ്യും-
കപിശജടാധരനത്യുഗ്രാന്തക-
രിപുവാകുന്നമഹേശപരേശൻ

കമലാകരരിപുശേഖരനീശൻ
കമലായുധപരിപീഡിതനായി
സുമബാണാഹവരസികൻകരിയുടെ
വിമലാകൃതിപൂണ്ടതികുതുകേന
കമനീയാകൃതിപിടിയാംതന്നുടെ-
കമനിയൊടുംകൂടെലീലാവനാന്തേ
കളിയാടുന്നളവുളവാകുന്നൊരു
കളഭമുഖൻകളവെന്നിപ്പോതേ
കളിയാടാനടവടയുംകദളികൾ
ഉളവുംനല്ലിളനീരുംമധുവും
വളർമാവിൻപഴമവിലുംമലരും
തെളിവിയലുന്നൊരുപാല്പായസവും
നാളികേരനറുങ്കനികളസംഖ്യം
ചെറുനാരങ്ങകരിമ്പിൻതടിയും
വരിനെല്ലുള്ളുണ്ടകളപ്പംബഹു-
സരസമതാകിയപനസച്ചുളയും
തിരുമുൽക്കാഴ്ചകൾവെച്ചുനിതാന്തം
പരിതോഷേണനമിച്ചീടുന്നേൻ.
കരുണാസാഗരനാംകരിമുഖവൻ
പരിചൊടുകമ്പനിറച്ചിവരക്ഷി-
ച്ചരിമയൊടിങ്ങണയുംദുരിതൌഘം
തരസാസദയമൊഴിച്ചരുളേണം.
സുരനദിയെജ്ജടനടുവിൽപൂണ്ടൊരു

തിരുവടിതന്റെതനൂജനതാംതവ
കരുണാമസൃണകടാക്ഷാഞ്ചലമൊ-
ന്നരുളേണംകവിതല്പവിശേഷാൽ.
ആശ്രയഹീനയതാകുമിവൾക്കായ്
നിഃശ്രേയസമരുളീടുകപോററി
ആശ്രിതകല്പതരോ! നിൻപദതളി-
രാശ്രയമാണടിയത്തിനുനിത്യം
പ്രത്യൂഹങ്ങളൊഴിച്ചരുളീടുക
പ്രത്യൂഹാന്തകപാഹിനമസ്തേ
ഹരിയെന്നക്ഷരമാദ്യംനാവിൽ
പരിമോദേനവലത്തെക്കൈകൊ-
ണ്ടിരുളകലുംമാറെഴുതിയമൽഗ്ഗുരു-
വരചരണത്തെനമിച്ചീടുന്നേൻ.
ഗുരുപദപങ്കജരേണുസമൂഹം
വിരവൊടുമാനസമുകുരത്തിങ്കൽ
പിരളുംമലികറേത്തുടച്ചുവിശുദ്ധിയ-
തരുളാൻതാണുവണങ്ങീടുന്നേൻ.
ഇപ്പുറയാറരുളീടുംരഘുകല-
സല്പതിമല്പതിരാക്ഷസവരരുടെ
ദർപ്പവിനാശനനമരനിഷേവിത-
നല്പേതരകരുണാമൃതപൂരാ
കെല്പൊടുചൊരിയുംതൃക്കണ്ണുകളാ-
ലിപ്പോഴതൊന്നുകടാക്ഷിപ്പാനായ്

തല്പപങ്കജയുഗളങ്ങളിൽത്താ-
നെപ്പൊഴുതുംപണിയുന്നുനിതാന്തം
ഇഷ്ടവരപ്രദരായീടുന്നൊരു
വിശ്വേശ്വരനാമന്തകരിപുവും
വിശ്വവിമോഹിനിയായീടുന്നൊരു
വിശ്വേശ്വരിയുംതുണചെയ്യേണം
വാടാതാവതിലമരുന്നൊരു
കൈകടമെത്തിനിഭഗവതിസതതാ
ആടലശേഷാതീതംപടിമാ
പാദകമത്തുകളീടുകളും.
പുണ്യകരൻശിവസുതനാംസുബ്ര-
ഹ്മണ്യനുമെൻറപിതാക്കന്മാരും
പുണ്യജനേശ്വരസമനാംപതിയും
പുണ്യാത്മാവുകൾമാരുള്ളവരും
ബുധവിഹീനംതുണചെയ്യാനായ്
ബുധമകന്നവണങ്ങീടുന്നേൻ.

എണവിലോചനയാംവാണി!ഗുണംതികഞ്ഞ
വാണീഗണങ്ങൾസുധാവീചിശ്രേണികൾപോ- [ലെ
താണിടാതടിയൻറനാവിൽവാണനീവ്യധ-
ശ്രേണികൾവാഴ്ത്തപ്പെടിതൊന്നാൻതുണയ്ക്കേണം
വീണാപുസ്തകലസൽപാണി!പങ്കജവാസ- [ിനി
പ്രാണനായികേ!താണുവീണുവണങ്ങുന്നേന്നിൽ

കാണിവെകാതെകൃപാപൂൎണ്ണമാംതവമിഴി-
കോണുകൾപൊഴിക്കേണംവാണിമനോഹാരി
പണ്ടുഹിരണ്യകശിപുവെന്നദനുകല- [ണി!
കണ്ടകൻതന്നെവധിച്ചിണ്ടലൊഴിപ്പാൻവേണ്ടി
കണ്ടാലതിഭീഷണമാകുംനൃസിംഹതനു-
പൂണ്ടുതൂണിനുള്ളിൽനിന്നുണ്ടായിവന്നദേവൻ
കണ്ടുതൊഴുമവൎക്കുള്ളകുണ്ഠതനശിപ്പിച്ചു
വേണ്ടുംവരങ്ങൾനൽകിക്കൊണ്ടുകടവല്ലൂരിൽ
കുണ്ഠവിഹീനംവാഴുമെന്റെതമ്പുരാൻശൌ
കുണ്ഠാഭാവങ്ങൾകീലിനിണ്ടവിലോചനങ്ങൾ-
കൊണ്ടുകടാക്ഷിപ്പാനായ്തണ്ടാർതൊഴുന്നപദം
കണ്ടുനമിച്ചേൻകൃപയുണ്ടായിടേണംപോററി
കാളാംബുദാളികരംകൃപ്പലളിതകാന്തി-
കാളുന്നകഞ്ജദളലോചനൻമധുവൈരി
നാളീകലസൽഭൃംഗപാളീചലൽകുന്തള-
പാളിരാജിതമുഖനാളീകൻകളവേണു-
നാളകോമളഗാനലാളിതപശുപാംഗ-
നാളീലളിതകുചപാളീപുണ്യനിലയൻ
കാളിയക്ഷ്വേളാളികൾകാളുംകാളിന്ദിതന്നി-
ലാളുന്നമുദാകേളിയാടികാളിയൻതന്റെ-
കാളുന്നമദംതീൎത്തകാളിസോദരൻചാരു-
നാളീകനാഭൻലക്ഷ്മീലീലാലോലുപൻകൃഷ്ണൻ
ബാലാൎക്കായുതകാന്തികോലുംകൌസ്തുഭമണി

ചേലൊടണിഞ്ഞപീലിയൊടുഗോപാലബാലൻദേവൻ
കാലികൾമേച്ചുകൊണ്ടുലീലയാടുന്നപീത-
ചേലൻവനമാലികാശോഭിതവക്ഷസ്ഥലൻ
കാരുണ്യക്കടലായിവാഴുന്നഗുരുവാതാ-
ഗാരാധിനാഥൻപരിപാലിപ്പാൻവണങ്ങുന്നേൻ
ഈരേഴുലകിന്നുടെവേരായഭവല്പാദ-
സാരസമൊഴിഞ്ഞന്യമില്ലൊരാശ്രയംനാഥ!
ക്രൂരദംഷ്ട്രകൾകടിച്ചൂരാലണയുംയമ-
ഘോരദൂതരെഭയംചേരാതന്ത്യകാലത്തിൽ
സാരമാംതവപാദസാരസമതിൽചേർത്തു
സാരൂപ്യംനൽകീടേണംപാഹിവിഷ്ണോനമസ്തേ.

സജ്ജനചിത്തവിളങ്ങുംസഭയതി-
ലിജ്ജനമിന്നൊരുകഥയുരചെയ്വാൻ
ലജ്ജവെടിഞ്ഞൊരുങ്ങീടുന്നിതു
ദുർജ്ജനഹാസ്യമതാവുന്നാകിലും
അറിവുപെരുത്തൊരുവിദ്വാന്മാരിതി-
ലറിയാതിങ്ങുപിണഞ്ഞൊരബദ്ധം
കരളിലറിഞ്ഞുകനിഞ്ഞുതിരുത്തി-
നരുമോദേനനമിക്കുന്നേൻഞാൻ
കരുണാനിധികളതാകുംസജ്ജന-
വരരിന്നിക്കഥസരസംകേൾപ്പതി-
നരിമയൊടെല്ലാവർക്കുംകയ്യിണ

തരസാക്കൂപ്പീടുന്നേനടിയൻ
മിഥിലാപുരിയെന്നിബ്ഭുവനത്തിൽ
പൃഥുതരകീർത്തിപുകഴ്ന്നവരായാം
പൃഥുതരഭുജബലനായിപ്പണ്ടൊരു
പൃഥിവീപതിവരനുണ്ടായ്വന്നു.
ജനകൻഭൂമിപതിലകൻഗുണഗണ-
ജനകൻസാധുജനജനകൻധീമാൻ
അനഘാശയനമരേശസമാനൻ
ദിനകരതാരസമതേജോമാനൻ
അനിതരബുധസാധാരണമതിമാ-
നനുപമസാമ്രാജ്യശ്രീധൃതിമാൻ
വിനയാംബുധിനയകോവിദനചലൻ
വിനതജനാമരദ്രുമകല്പൻ
സമരാങ്കണമതിലമരേന്ദ്രോപമ-
നമർചെയ്യുമ്പിച്ചാട്ടിയകറ്റിയ-
കുമതികളാകുംവൈരികൾതങ്ങടെ
കമിനികളോടുംകാനനസീമനി
ജനകൻപേരതുകേൾക്കുമ്പോളു-
ള്ളിനിപൂണ്ടൊരുനടുങ്ങിപ്പട്ടിണി-
യനവരതംപെട്ടുഴലുംദുഃഖി-
ച്ചനിശംതെണ്ടിനടന്നീടുന്നു
അമരപ്പെൺകൊടിമണിമാരവനുടെ
സമരത്തിങ്കൽപ്പൃതനാപൂരത

കമലപൊറ്റപ്പൊടിയണിയുംമലയജ
കമനീയാനിലസംഗമമേറ-
ററമരപ്പുഴയുടെതടികളിലമരും
സുമവാടികളിൽക്കളതരമാംപടി
പരിചൊടുകൈത്താളങ്ങളുംപിടിച്ചവർ
സരസതരംബൈതപാടീടുന്നു
സമ്പത്തിന്റെസമൃദ്ധിനിനച്ചാ-
ലുമ്പരിൽവമ്പൻജംഭാരാതിയു-
മമ്പരനാഥനാധിപനാമതൊ-
ററമ്പുംകമ്പിതഹൃദയന്മാരായ്
കല്യാണാംബുധിയാകുന്നവരുടെ
ചൊല്ലേറുന്നുള്ളൊണൌഘംകൊണ്ടതി-
നിർമ്മലതരമായ്നിർമ്മിച്ചുള്ളൊരു
വെണ്മകലർന്നയശഃപടമതുകൊ-
ണ്ടംഗനമാരാംദിക്കുകൾതങ്ങടെ-
ഭംഗികലർന്നകളേബരമഖിലം
ഭംഗിയൊടനിശമലംകൃതമാക്കി-
ത്തിങ്ങുംസുഖമൊടുവാണീടുന്നു
പത്മാദേവികനിഞ്ഞവരുള്ളൊരു
സത്മത്തിങ്കൽസസുഖംപകലിര-
വാത്മപ്രിയയൊടുതുല്യംകേളിയൊ-
ടാത്തമദൻനവിളങ്ങീടുന്നു

അളവില്ലാതഗുണങ്ങളിവണ്ണം
വിളയുംജനകമഹീശ്വരനൊരുനാൾ
തെളിവൊടുയജ്ഞത്തിന്നാസ്ഥലവി
കലവെന്യേപൂനതുഴതദേശായാം
കണ്ണിന്നുത്സവമുണ്ടാക്കുന്നൊരു
കന്യാമണിയതിൽനിന്നുളവായി
പുണ്യാത്മാവാമരചൻമണ്ണിന-
തിണ്ണംഭൂമികഴിച്ചുളവതിൽനി-
ന്നാനെമ്പൊടുകിട്ടിയനിക്ഷേപംപോൽ-
പെൺമൈതലിതന്നെത്താങ്ങിയെടുത്തുട-
നിമ്പമൊടുംനിജപത്നിക്കായി
കമ്പംവിട്ടുകൊടുത്തുരചെയ്തു
കമനീയാംഗികൾമുടീട്ടന്നൊരു
സുമുഖി!നമുക്കിന്നീശ്വരനേകിയ
കമനീയാകൃതികലരുന്നിച്ചെറു-
കോമളകന്യാരത്നംപാർക്കി-
ലെൻപൂർവ്വാർജ്ജിതസുകൃതവിശേഷ-
ത്തിൻഫലമെന്നേപറവാനുള്ളു.
എൻപ്രാണേശ്വരി!സരസംനീയനു-
കമ്പയൊടിവളെവളർത്തീടേണതി-
നംഭോജാക്ഷി!തരുണേൻസുന്ദരി
സമ്പ്രതിവാങ്ങിക്കൊൾകസുശീലെ!

പ്രതിപച്ചന്ദ്രമനോഹരിയാമിവൾ
സതതംകാണുന്നോർക്കുനിതാന്തം
ഹൃദയത്തിൽസ്സുഖമുളവാക്കുംപടി
ഹൃദയേശ്വരി! വിലസുന്നുമനോജ്ഞേ!
ഹൃദയേശ്വരനുടെവാക്കുകളേവം
സദയംകേട്ടുമഹീശ്വരപത്നിയു-
മുല്ലാസമോദമൊടവളെക്കരതാ-
രതിൽവാങ്ങിസ്സുഖമാശ്ലേഷിച്ചു
മതിമാൻജനകമഹീമണവാളൻ
മതിസുഖമോടുംനിജതനയയ്ക്കായ്.
ജാതാനന്തരകർമ്മമശേഷം
ജാതമുദാവടിവോടുകഴിച്ചു
സീതയിൽനിന്നുളവായനിമിത്തം
സീതയതെന്നുവിളിച്ചിതുനാമം
നാമകരണാദ്യങ്ങൾകഴിഞ്ഞൊരു
സോമശ്രീമുഖികന്യാമണിയഹ
ശാണോല്ലീഢമണിക്കുസമാനാ
കാണുന്നോർക്കതികൌതുകംനൽകി
ചന്ദ്രികവിലസുംചന്ദ്രക്കലകള-
തെന്നകണക്കവൾദിവസംതോറും
സൌന്ദര്യപ്രചുരങ്ങളതാകിയ
തന്നംഗങ്ങളൊടൊത്തുവളർന്നു
സവയസ്സുകളാംബാലികമാരൊ-

ത്തവൾബാല്യത്തിൽബ്ബഹുവിധലീലാ-
കോലാഹലമൊട്ടുകൃത്രിമപുത്രക-
ലീലാകന്ദുകകേളിയാ സതതം
കാലംപോവതശേഷവുമറിയാ-
താലോലാക്ഷിവളൎന്നുവശായി
സംഗീതംസാഹിത്യാദികളുമ
ശൃംഗാരച്ചേരുവകലയാകിയ
തന്നാഗിമണിയാൾക്കംഗപ്രദേശ-
ത്തിന്നാവിധിയെച്ചാതകാലത്തിങ്കൽ
ഒന്നൊഴിയാതെതെളിഞ്ഞുവിശേഷി-
ച്ചെന്നറിഞ്ഞിതുപാദ്ധ്യായന്മാ-
രന്നതിനിടയാളാമവളിൽ
സന്നാതസാരികളായില്ലല്ലോ
ലാവണ്യാംബുധിയാകുമവൾക്കഥ
യൌവനദശയുമെട്ടുത്തുചമഞ്ഞു
പൂവമ്പപ്രിയയാകുംരതിയും
സുരവേശ്യാമണിമാരുംകൈതളിർ
നിരവദ്യംകൂപ്പീടുന്നവളുടെ
സൎവ്വോത്തമസൌന്ദൎയ്യവിശേഷം
വൎണ്ണിക്കേണ്ടതിനാഹിവരന്നുംപണി
നിൎണ്ണയമുണ്ടാമില്ലവിവാദം
കണ്ടാൽകണ്മണിചിതറുംമട്ടിലി-

തണ്ടുപൂണ്ടുനിതംബത്തോളം
നീണ്ടുമനോഹരമാകുന്നവളുടെ
കൊണ്ടൽതൊഴുംകചഭാരംകണ്ടതി-
കുണ്ഠതയോടുംനിജബാലങ്ങളെ
വീണ്ടുംചമരികൾപിന്നിലൊളിപ്പി-
ച്ചിണ്ടലൊടടവികൾതോറാതങ്കമൊടു
ഞെങ്ങിമറഞ്ഞുനടന്നീടുന്നു
ബാലാബ്ജദ്യുതിതേടുംകോമള-
ഫാലത്തിങ്കൽചിന്നിവിളങ്ങു-
ന്നാലോലാളകകാന്തിവിശേഷ-
ത്താലബ്ജത്തിലമന്ദമരന്ദം
ചാലെയത്തണ്ടിനിടകലരുംവണ്ടിൻ-
മാലകൾകൊണ്ടുവിരാജിക്കുന്നൊരു
ബാലാരുണവികസിതമാംപാണ്ഡര-
നാളീകദ്യുതിനിർജ്ജിതയായ്പ്പരി
മാലൊടുസലിലാശയമതിൽമുങ്ങി-
ക്കാലവശത്തിലണഞ്ഞീടുന്നു
കല്ലോലപ്പൊടിയേയുംമന്മഥ-
വില്ലിനെയുംപരിചൊടുജയിച്ചൊരു-
ചില്ലികളുംനയനാംബുജയുഗവും
മെല്ലെക്കണ്ടാൽകാമിജയാർത്ഥം
മല്ലമ്പൻനിജവില്ലിലണച്ചൊരു
ഫുല്ലാബ്ജാസ്ത്രയുഗളമതെന്നോ

തിലസുമവിലസന്നാസാപുടമതു
നലമൊടുകണ്ടാലുള്ളമയങ്ങാ-
ത്തുലകിലൊരുത്തനുമില്ലനിനച്ചാ-
ലലമലമത്രമനോജ്ഞംതരുണാ
ധരമന്തൊണ്ടിപ്പഴമതിനെക്കാളതി-
ബന്ധുരമാകിയചുണ്ടിണയുംകള-
കാന്തികളിക്കുംനവമല്ലികയുടെ
സുന്ദരമുകുളമനോഹരമാകിയ
ദന്താവലിയുംദ്വിജരാജപ്രഭ-
ചിന്നുംമുഖവുമതെത്രമനോജ്ഞം
ചെന്താർശരനുടെകാഹളമൊപ്പണ-
കാന്തികരാളപ്പൂണകവിൾത്തട-
സന്തതശോഭനിനച്ചാൽകാമപു-
ദനാവുമൊന്നനടങ്ങുംനിയതം
തങ്കണിമണിയുടെകാളകണ്ഠോ-
ന്ധാരമതുപാർത്താൽശംഖിലിതെന്നൊരു
പരഭൂതമനിശങ്കകളെന്നാകിൽ
പരിചൊടതിന്നുപമിച്ചീടാം
സൌന്ദര്യക്കൊടിയാകുന്നവളുടെ
ചാരുമൃണാളലസൽകരയുഗളം
മാരൻരമണൻതന്നുടെഗളളവി
പാരംകെട്ടിവരിഞ്ഞുവലിപ്പാ-
നാരാൽതീർത്തൊരുപാശദ്വയമെ-

ന്നോരാംനഹിനഹികിമപിവിതൎക്കം
തങ്കക്കുടവുംവങ്കരികുംഭവു-
മങ്കത്തിങ്കൽതോററമടങ്ങിയ
പങ്കേരുഹദളമിഴിയാൾതന്നുടെ
കൊങ്കകളിൽചെറുചൂചുകയുഗളം
തങ്കരസമൊടു കണ്ടാൽവദനശ-
ശാങ്കന്മൂലാവിരിയാതുള്ളൊരു
പങ്കജകോരകയുഗളത്തിങ്കൽ
സങ്കടമൊടുവസിക്കുംബാലക
ശങ്കനിതാന്തംകാണുന്നവൎക്കുദി
സങ്കടഹീനമുളവായിട്ടും
തരമായാലിലചന്തടിയിണകൂട്ടും
കരിവരഗാമിനിതന്നുദരത്തിൽ
സരസംവിലസുംത്രിവളിനിനച്ചാൽ
സരസൻയൌവനതക്ഷൻതന്നുടെ
വരസഖിയാകുംകാമനുകയറാ-
നതിമപെട്ടന്നോരസോപാനാവലി
വിരവൊടുതീൎത്തിതെന്നുനിനപ്പാൻ
ചെറുതുംസംശയമില്ലിഹസുദൃഢം.
സുന്ദരിതന്നുടെനാഭിയതാകും
സുന്ദരവാപീകാന്തമതിൽനി-
ന്നൊന്നാന്തരമായ്രോമാവലിയാ-
മുന്നതകാളഭുജംഗിപുറപ്പെ-

ട്ടിന്ദുസമാനമുഖഗ്രഹണത്തി-
ന്നന്നീട്ടണിവയർനടുവഴിയേ ചെ-
ന്നുന്നതകുചഗിരിതന്നുടെസീമനി
സന്നായതായ്ക്കരുതുന്നമരുനാളം.
തംബുജമിഴിയവൾതന്നുടെചാരുനി-
തംബവുമോമൽക്കടിതടവുംബത
നിൎമ്മായംനിരുപിക്കുകിലൊന്നിനൊ-
ടിന്നുപമിപ്പതിനറിയുന്നില്ല.
പൊന്നിൻതുണ്ടാകദളികൾകരഭവു-
മെന്നല്ലാനത്തുമ്പിയുമവളുടെ
മാന്യതമാകലരുംതുടകൾക്കെതിർ-
നിന്നീടില്ലതുവിഷമംതന്നേ.
ലോകാകൎണ്ണമൂന്നുവിശേഷം
പാകാപോലെനിരച്ചൊരുപ്പുക-
നൽപ്പുതുരംഗിവിളങ്ങുംചെപ്പു-
ന്നൊപ്പാൻതക്കമനോജ്ഞതയേറിയു-
ള്ളപ്പെണ്ണിയുടെജാനുദ്വയമി-
ന്നത്ഭുതമെന്നേപറവാനുള്ളൂ.
സഫലപത്മഭ്രമമുളവാക്കുന്നൊരു
കളമൊഴിതന്നുടെപാദസരോജം
വിളയാട്ടംളുവികളിയാടുന്നിതു
ജലജാസനതാൻകുതുകസമേതം
കളഹംസാഞ്ചിതഗമനായുമോമൽ-

കള്ളമൃദുഹാസസമേതമതാകിയ-
കള്ളതലീലാമോഹനഗാത്രവു-
മെള്ളതല്ലോർക്കിൽവർണ്ണിച്ചീടാൻ
സത്രുസമൂഹത്തിൻപൊടികൊണ്ടതി-
സത്തമനാകിയപത്മസമുത്ഭവ-
നത്തനപീമണിമകുടമതെത്തി-
ഉത്തമകനകച്ഛായംതെച്ചുട-
നത്തമനാംമിഥിലേശനകാഴ്ചകൊ-
ട്ടതവളിവളെന്നാർക്കാസരസം.

കൊഞ്ചുംമൊഴിയാൾതന്റെകൊഞ്ചികഴറന്നു
മഞ്ചിച്ചീടുന്നചെറുപുഞ്ചിരിച്ചന്ദ്രികയും [മന-
പഞ്ചമിച്ചന്ദ്രകാന്തിതഞ്ചുന്നെററിത്തടത്തി-
ലഞ്ചാതെവിളങ്ങുന്നോരഞ്ചിതതിലകവും
പഞ്ചായുധന്റെമനമഞ്ചിക്കഴയുന്നോരു
ചഞ്ചന്മിഴിയിണയിൽതഞ്ചുംവിലാസങ്ങളും
കണ്ഡലകളകാന്തിചിന്നുന്നഗണ്ഡങ്ങളും
നിർണ്ണയമോർത്താലവർണ്ണനീയമെന്നേവേണ്ടൂ
നാസാമണിയുംപ്രസൂനാളിശോഭിതകേശ-
പാശവുംകാമിധൈര്യനാശകംതന്നെനൂനം
കട്ടിമാൻമിഴിതന്റെചട്ടററചാരുകൊങ്ക-
ത്തട്ടിന്നഴകുചേർക്കാചട്ടയുമതിൻമീതെ
ഒട്ടുനേർമ്മയിലിട്ടപട്ടുംകാണുകിൽമന-

തട്ടുപൊട്ടിവലയുംദൃഷ്ടൻമലരമ്പനാം
കങ്കണങ്ങളുംരത്നജാലംതങ്കനാൽസൽ-
ത്തകനിർമ്മിതമാകുന്നംഗുലീയകങ്ങളും
കണ്ഠത്തിൽകനൽകാന്തിപൂണ്ടപതക്കംനൂലും
കണ്ഠസൂത്രവുംപൊന്നിൻമാലകാശാലിക്കൂട്ടം
കണ്ടാൽകൌതുകമുണ്ടാക്കീടുംപൂത്താലിയിവ
പൂണ്ടുകോമളാകൃതിപൂണ്ടതന്വംഗിയവൾ
മഞ്ജുളമായമഞ്ഞപ്പട്ടുടുത്തുമഞ്ജു-
ശിഞ്ജിതസമ്പൂർണ്ണകാഞ്ചിയഞ്ചാതണിഞ്ഞുനിത്യം
കുഞ്ജരവരഗതിഭഞ്ജനിപാദങ്ങളിൽ
പൊഞ്ചിലമ്പുകളിട്ടുപഞ്ചായുധപ്രിയയും
ചെഞ്ചമ്മേകരതളിരഞ്ചാതെക്കൂപ്പുന്നോർ
ചഞ്ചാതെസൌന്ദര്യസാരപ്പുഞ്ചാറപ്പാൽകുഴമ്പായ്
ആളികളോടുമിടകൂടികേളിസൌധത്തിൽ
കേളികളാടിത്തെളിവോടുവസിച്ചാളേവം.

ജനകമഹീശനമക്കാലങ്ങളി-
ലനുദിനമിങ്ങിനെചിന്തതുടങ്ങി
കനകക്കൊടിപോൽവിലസുംനമ്മുടെ-
തനയക്കൊത്തവരനണവാനുള്ളോരു-
സമയവുമേറ്റമടുത്തുചമഞ്ഞിതു
സമുദിതമായിതുയൌവനദശയും

കമനീയാകൃതികലരുന്നിവളുടെ
രമണനതായിവരാൻതക്കൊരുവനെ
നിരുപിക്കുമ്പോഴൊരുദിക്കിലു-
മൊരുപൊഴുതുംഭുവികാണ്മാനില്ല.
വരസൌന്ദൎയ്യക്കടലാമിവളുടെ
വരണത്തിന്നുനിനച്ചാൽരതിപതി
ശരിയാവില്ലിഹസൌന്ദൎയ്യംകൊ-
ണ്ടൊരുനാളുംപുനരാരുണ്ടപരൻ
ധനവുംവിദ്യാധനവുംവീൎയ്യവു-
മനഘതരാകിയകീൎത്തിയുദാരത-
ജനമാന്യത്വംസൌന്ദൎയ്യാദിക-
ളനവരതംതികവുള്ളവനായൊരു-
മനുജൻരാജാന്വയതിലകൻമമ-
തനയയെവരണംചെയ്വാൻവരണം
അതിനൊക്കുമ്പോൾഭൂമിയിലെങ്ങും
മതിയായൊരുവനെയില്ലിഹകാണ്മാൻ
രമണിക്കൊട്ടുംശരിയാവാത്തൊരു-
രമണനുപെണ്ണിനെനൽകുന്നാകിൽ
കമനിക്കൊട്ടുംസുഖമാവില്ലതു
കമിതാവിന്നുംദുഃഖപ്രദമാം.
ധനമുണ്ടെന്നാൽമറെറാന്നൊരുഗുണ-
മിനിവേണ്ടുന്നതിയെന്നാവാചില-

മനുജപ്പുഴുകൾവിചാരിച്ചാൽഗുണ_
ഹീനനുവേളികഴിച്ചുകൊടുക്കും.
തമ്മിൽചേരുതുംയോജിക്കാതൊരു_
സംബന്ധംകൊണ്ടെന്തൊരുസാദ്ധ്യം
ആലോചനയോടുവേണ്ടവിധത്തിൽ
കാലോചിതമായ്ചെയ്യീടാഞ്ഞാൽ
സുഖമിച്ഛിച്ചുപ്രവൃത്തിക്കുന്നതു
സുഖഹാനിക്കെന്നായിത്തീരും
പശുവിനെവിൽക്കാമെന്നൊരുമനുജ_
പ്പശുവിനെപെണ്ണിൻമനമറിയാതിഹ
പതിചൊടുനൽകുന്നതിനേക്കാൾവല്ലു_
തൊരുദുഃഖംപുനരില്ലനിനച്ചാൽ
തരുണീതരുണന്മാരവർതമ്മിൽ
തരമൊടുകണ്ടുരസിച്ചുവരിക_
ന്നൊരുമട്ടാണിതിലുത്തമമതിനാ-
ലൊരുദോഷംബാധവരുവാനില്ല
എല്ലാംകൊണ്ടുംയോജിപ്പതിലേ
ചെല്ലുസകലന്മാർക്കുംചിത്തം
അങ്കാഗതനാംഗോമായുവിനെ_
ശ്ശങ്കിക്കാതെവെടിഞ്ഞുമൃഗേന്ദ്രൻ
വങ്കരിയെക്കൊലചെയ്യീടുന്നു

ശങ്കരബലസദൃശക്രിയയല്ലേ
സുന്ദരിമണിതന്നിഷ്ടംപോലൊരു-
സുന്ദരനെസ്സുഖമോടുവരിച്ചാൽ
ഉണ്ടിപ്പോഴൊരുദുർഘടമിവിടെ-
ച്ചുണ്ടിപ്പരിഷകളായനൃപന്മാർ
കൊണ്ടൽക്കുഴലിയെയങ്ങുകൊതിച്ചി-
ട്ടുണ്ടാക്കിടുമനർത്ഥസമൂഹം
മന്നിലിവൾക്കിന്നെതിരായിട്ടൊരു-
സുന്ദരിയില്ലിതുമൂലംനൃപതികൾ
തമ്മിൽത്തല്ലുമൊരെല്ലുനിമിത്തം
തമ്മിലെതിർത്തൊരുനായ്ക്കൾകണക്കെ
ഇത്തരമൊന്നേപെണ്ണുള്ളിവളെ-
പ്രത്യേകംപുനരാർക്കാനൽകാൻ
ഓർത്താൽപാടില്ലിതിനൊരുപായം
ചിത്തത്തിൽപുനരറിയുന്നീല
അനുരൂപനതാംകണവനുമകളെ
കനിവിനൊടാലോചിച്ചുകൊടുപ്പതു
ജനകൻതന്നുടെചുമതലയാണതി-
നനുദിനമുത്സാഹിച്ചീടേണം
ചിന്തിച്ചാലിനിയുണ്ടൊരുദുർഘട-
മന്തഃപുരമതുസൂക്ഷിക്കാഞ്ഞാൽ

എന്തുംചെയ്യാൻമടിയില്ലാത്തോരു
താന്തോന്നികൾചിലരുണ്ടവരവിടെ-
ച്ചെന്നാഥപിട്ടുപറഞ്ഞുഫലിപ്പി-
ച്ചുന്നതിൻനടയാളെവശീകര-
മന്ത്രങ്ങൾപ്രയോഗിച്ചുമ്പൊട്ടു
തന്നിഷ്ടപ്പടിയാക്കിത്തീർക്കും
ദുർജ്ജനസംസർഗ്ഗംകൊണ്ടങ്ങതി-
സജ്ജനവുംവഷളായിത്തീരും
ദുർഗ്ഗന്ധത്തോടടുത്താൽവായുവു-
മാദ്ദുർഗ്ഗന്ധത്തോടുചേർന്നവനാകും
ആയതുകൊണ്ടതുസൂക്ഷിക്കാഞ്ഞാൽ
തായക്കേടുചിലപ്പോളുണ്ടാം
ഇത്തരമുള്ളിലനേകവിചാരം
പൃഥ്വീശ്വരനുളവായിട്ടങ്ങതി-
ചിന്താസ്വാസ്ഥ്യതയോടുംസുചിരം
പാർത്തീടുന്നൊരുകാലത്തിങ്കൽ

കമലഭവസുതനഖിലപൂജിതൻനാരദൻ
കാമരൂപൻശരച്ചന്ദ്രചാരുപ്രഭൻ
വിമലതരമൃദുകമലകിഞ്ജൽക്കകാന്തിയു-
ള്ളോരജ്ജടാഭാരമണ്ഡിതൻപുണ്യവാൻ

കനകരുചിവിലസദുപവീതവുംനിസ്തുഷ-
തീർത്ഥമതായംവിളങ്ങുന്നഭൃംഗാരവും
ഉണ്ണമിയലുമതിരുചിരവീണയുംമേഖലാ-
കൃഷ്ണാജിനങ്ങളുംദസ്സുപുഗ്രന്ഥങ്ങളും
അഘഹരണമതിസുകൃതമാംജപമാലയും
മേഘവർണ്ണൻതന്നിലേറുന്നഭക്തിയും
ദുരിതഹരമിവപലവുമേന്തുംമഹാശയൻ
നാരായണൻതന്റെഭക്തരിലുത്തമൻ
രണരസികനഖിലദിശിദാമോദരൻതന്റെ
ചാരുനാമംപാടിയാരാൽനടപ്പവൻ
ജനകനൃപസവിധമതിലന്നെഴുന്നള്ളിനാൻ
ജ്ഞാനിമുഖ്യൻദേവതാപസസത്തമൻ
അതുപൊഴുതുമനുജവരനാസ്ഥയാഭക്തിയോ-
ടർഘ്യപാദ്യങ്ങളാൽപൂജിച്ചുസത്വരം
കനകമയമൊരുവലിയസിംഹാസനംതന്നി-
ലാനന്ദമോടങ്ങിരുത്തിവിനീതനായ്
ചെറുതകലെയഥതൊഴുതുമാറിനിന്നീടിനാൻ
കാരുണ്യപീയൂഷരാശിതന്നന്തികേ
മുനിതിലകനഥസപദിമാർഗ്ഗഖേദംതീർന്ന
ദീനഹീനാരാജചന്ദ്രന്റെമൂർദ്ധനി
കനിവിനൊടുകരകലിതഭൃംഗാരസംസ്ഥമാ-

മാനന്ദമേകുന്നതീൎത്ഥംതായംമുദാ
കലുഷചയമഖിലമകലുംമെട്ടുവീഴ്ത്തിനാൻ
കല്യാണദാനൈകലോലൻമുനീശ്വരൻ
സുകൃതിനൃപനധികനതമാകുംശിരസ്സുകൊ-
ണ്ടാകലഹീനംധരിച്ചുതീൎത്ഥംതദാ
തൊഴുതുബഹുമതിയൊടജനന്ദനൻതന്നോടു
ദോഷഹീനൻനൃപൻചൊല്ലിനാനിവിധം
ജലജഭവതനയ!തവപാദപങ്കജം
കൊണ്ടുമല്ലുതന്നാശ്രയമായിതഹോ
വൃജിനഹരമതിശുഭദമാംതവദൎശനം
മജ്ജന്മസാഫല്യദംമോക്ഷസിദ്ധിദം
കരുതുമളവിവനടയമപൂൎവ്വജന്മത്തിനി-
ലോരോവിധംചെയ്തപുണ്യകൎമ്മങ്ങളാൽ
ഇതുപൊഴുതുമമസപദിസംഭവിച്ചുന്നതാ-
യാതങ്കഹീനരാമാകുന്നേൻമുനിവര!
ജനകലുഷഹരണപടുവാംഭവാനെന്നുനി-
ന്നാനന്ദമോടെഴുന്നെള്ളുന്നസാമ്പ്രതം
അരുളിടുകമുനിതിലക!ചിത്തതാരിങ്കലെ-
ന്താരാൽനിനച്ചെഴുന്നെള്ളിയതുള്ളതും
അറിവതിനുകൊതിമനസിവായ്ക്കുന്നുമാമുനേ!
കാരുണ്യമൂൎത്തേ!നമസ്കാരമസ്തുതേ

പാർത്ഥിവേന്ദ്രനുടെവാക്യമിവണ്ണം
ചീർത്തമോദമൊടുകേട്ടുമുനീന്ദ്രൻ
പത്രിവാഹനപദാംബുജഭക്തൻ
സത്വരംബതചിരിച്ചുരചെയ്തു
സത്യലോകമതിൽനിന്നുവരുന്നോൻ
സത്തമോത്തമ!നിങ്ങളിൽവിശേഷാൽ
സത്യമാണിഹനമുക്കൊരുകാര്യം
സത്യസംഗര!സഖേ!പുനരില്ല
ബന്ധുവാകിയഭവാനെനിതാന്തം
സ്വാന്തമോദമൊടുകാണ്മതിന്നായ്
ബന്ധുവത്സല!കനിഞ്ഞിഹവന്നേൻ
ചിന്തിതത്തിൽനഹിമാറവിചാരം
ഭൂപതീന്ദ്ര!തവചിത്തമതിങ്കൽ
താപമെന്തുകഥിക്കുകവേഗാൽ
ഭാവഭേദമിദമെന്തുമുഖത്തി-
ന്നുർവ്വരാവരശിരോമണിമൌലേ!
ഇഷ്ടനാകിയഭവാന്റെമനസ്സിൽ
പെട്ടൊരീവലിയസങ്കടമിപ്പോൾ
പുഷ്ടകൌതുകമുരയ്ക്കുകശാന്തി-
കിട്ടിടേണ്ടവഴിയങ്ങുനിനയ്ക്കാം
ഇത്തരംമുനിഗിരംഭുവനേന്ദ്രൻ

ചിത്തമോദമുളവാംപടികേട്ട
അത്തൽതീൎന്നിജതാപകാരണം
പെണ്ണുമാമുനികളെന്നുണൎത്തി
സത്തമോത്തമനതായഭവാനെൻ
പത്തനത്തിലെഴുന്നെള്ളുകമൂലം
അത്തലുള്ളവനശേഷിച്ചുമിക്കളും
സത്യമാണിതുയതീശ്വരമൌലേ!
എങ്കിലുമൊരുവതാരയാതതാപം
എങ്കലുണ്ടതുഭവാനൊടുണൎത്താം
പങ്കജാക്ഷനതാകിയൊരങ്ങൻ
സങ്കടങ്ങളെയൊഴിച്ചതളെണ്ണം
യാഗഭൂമിവിരവോടുഴുതപ്പോ-
ളാഗമിച്ചസുതയായസീതയെ
ആഗമാൎത്ഥജലധേ!പുനരാൎക്കി-
ന്നേകിടേണ്ടതരുൾചെയ്കമഹാത്മൻ!
യോഗ്യനാകിയവരകലിന്നുസൌ-
ഭാഗ്യമൂൎത്തിയിവളെസ്സുതചെപ്പാൻ
ഭാഗ്യമിന്നിഹഭവിക്കിൽവന്നമൽ-
ഭാഗ്യപൂൎത്തിനിതരാംയതിവൎയ്യ!
സൎവ്വലക്ഷണസമന്വിതനാകു-
ന്നുൎവ്വരാവരകുമാരനൊരാളെ
ഉൎവ്വിയിങ്കലനുരൂപനിവൾക്കായ്

നിശ്ശങ്കമിഹകാണ്മതില്ലഞാൻ
ശിഷ്ടനാകുമൊരുവന്നുകൊടുത്താൽ
ദുഷ്ടരായചിലഭൂപസമൂഹം
കഷ്ടമേകലരൽക്കൂട്ടിയെത്തുകം
ശിഷ്ടരുള്ളവർകഴങ്ങിട്ടുമപ്പോൾ
മണ്ണു പെണ്ണിവകൾകൊണ്ടുലകിങ്ക-
ലെണ്ണമററകലഹങ്ങൾഭവിക്കും
നിർണ്ണയംപുനരിതോർത്തുനടന്നാൽ
ഖേദമാരപ്പെടുകയില്ലൊരുനാളും
അത്യുദാരനവയൌവനാവളു-
ന്നതമാംഗിമണിയായകന്യയിൽ
തത്തിടുന്നിതുവിവാഹകാലവും
തീർത്ഥപാദ! പരമേറെമടുത്തു
എന്തുചെയ്‌വതിനിയെന്നറിയാതെൻ-
ചിന്തിതത്തിൽവളരുന്നൊരുതാപം
ഹന്തചൊല്ലുവതസാദ്ധ്യമഹോശ്രീ-
കാന്തഭക്ത! പരിപാഹിദയാബ്ധേ!
ഇത്ഥമാളുവനപാലകവാക്യം
ചിത്തമോദമൊടുകേട്ടുമുനീന്ദ്രൻ
ഉത്തരംപുനരുരച്ചുയതീന്ദ്ര-
സത്തമൻജനകരാജനൊടേവം

ഭൂപതീന്ദ്ര! തവ ചിത്തമതിൽ സ-
ന്താപഭാരശമനത്തിനുപായം
ഹേ! പറഞ്ഞുതരുവൻ പൃഥിവീശ-
ദീപ! ഭദ്രമണയും പടികൊന്നീ
സമ്മതേ! മിഥിലനാഥ! ബലാൽ ദൈത്ര-
സ്തംബകം തവ ധനുസ്സിതു രാജൻ
സമ്മദേന തൊട്ടുമെടുത്തു മുറിപ്പോൻ
നിന്മകൾക്കു വരനായി വരട്ടെ
ഇന്നിതൊക്കെ കിലസാരനസാദ്ധ്യ-
മെന്നു വന്നിടുകയില്ലതു മൂലം
നന്ദിനിക്കു കണവൻ ബഹുയോഗ്യൻ
വന്നിടാകിലപി വേണ്ട വിഷാദം
ചാപയത്നമഴകോടു കഴിഞ്ഞു
ഭൂപവീരരെയുമാത്തു വരിഞ്ഞു
ഈ പ്രതിജ്ഞ വിരവോടറിയിഞ്ഞു
ക്ഷിപ്രമുദ്വഹനമങ്ങു കഴിഞ്ഞു
പാർത്ഥിവേന്ദ്ര! നിരുപിച്ചിനി ലേശം
പാർത്തിടേണ്ട പരമദ്യ ഭയം തേ
അന്ത്യയാമി! ബഹുതാമസമെന്യേ
സത്യമാണിതു വരാം മനുജേന്ദ്ര!
ഇത്തരമരുളിച്ചെയ്തു മുനീന്ദ്രൻ
ചിത്തസുഖത്തൊടനുഗ്രഹമേകി

സത്വരമങ്ങനെ നല്ലിമഹീന്ദ്രനു-
മത്തലുമൊട്ടുശമിച്ചുമനസ്സിൽ
അത്യുത്തമനാംനാരദമാമുനി
ചിത്തരസത്തൊടുകല്പിച്ചതുപോ-
ലത്തലകന്നഥയജ്ഞംചെയ്വതി-
നൊത്തുശതാനന്ദാചാര്യനാകിയ
പൃഥ്വീവരഗുരുവോടുംവേണ്ടവി-
ധത്തിൽതന്നുടെമന്ത്രികളോടും
ഒത്തുടനാലോചിച്ചുമുനീശ്വര-
സത്തമരെപ്പുരിയോടുവരുത്താ-
നുത്തമരാകിയദൂതന്മാർക്കഥ
പെട്ടെന്നാകല്പനയങ്ങുകൊടുത്തു
മർത്ത്യേശ്വരനുടെശാസനകേട്ടവ-
ർത്ത്യകളാംതാപസവരരെ
പ്രത്യേകംസുഖമോടറിയിച്ചതി-
ചിത്തകുതൂഹലമൊടുവരുത്തി
വേദവ്യാസൻകാശ്യപപൌല-
സ്ത്യാദിയഗസ്ത്യൻഗർഗ്ഗൻചമസൻ
വേദജ്ഞോത്തമരായസുതീക്ഷ്ണാദ-
ദ്വിജന്മാർമറ്റുമനേകം
ജടയുംവല്ക്കലമെന്നല്ലഥജപ-
പടവുംവെള്ളത്താടികമണ്ഡലു

ചാമരകേളീമേളപ്പാട്ടുകൾ
സമ്മാനനായിവയ്യുമ്പോൾ
വേദജ്ഞന്മാർ ശോഭിക്കുന്നവർ
നാദബ്രഹ്മോപാസനയുള്ളോർ
രുദ്രാക്ഷങ്ങൾ ധരിച്ചു തിരുമേനിയിൽ
ഭദ്രഭസ്മവിലേപനമുള്ളോർ
മൂർത്തികളായ തപസ്സിദ്ധികളെ-
ന്നോർക്കാൻതക്കമഹത്വമതുള്ളോർ
ഉത്തമരനവധിതാപസശിഷ്യരൊ-
ടൊത്തുമഹീശപുരപത്തനസീമനി
ചിത്തരസത്തോടണഞ്ഞളവവരെ
പേർത്തുതിരോരാമഹീമണവാളൻ
അത്യുന്നതമണിപീഠങ്ങളി-
ലൊത്തുവസിപ്പിച്ചർഘ്യാദികളാൽ
ഉത്തമരവരെപ്പൂജിച്ചിട്ടിനെ
ഭക്തിസമേതമുണർത്തിവിനീതൻ
കരുണാനിധികളതാകിയനിങ്ങടെ
ചരണാരുണസരസീരുഹതതിയിൽ
നിരുപമഭക്ത്യാതാണുവണങ്ങുമൊ-
രടിയനിലാശു കനിഞ്ഞരുളേണം
എന്നുടെ നന്ദിനിയാകും ജാനകി-
തന്നുടെ പാണിഗ്രഹണമതിന്നായ്

മന്നിൽഗ്ഗുണഗണമിയലുന്നൊരവനെ-
യിന്നടിയൻബതകാണാഞ്ഞതിനാൽ
മാന്യനതാകിയനാരദമുനിവര-
നൊരുന്നാട്ടരസമരുളിയപോലെ
ശങ്കരചാപാഖണ്ഡിപ്പവനിഹ
ശങ്കവെടിഞ്ഞെൻനന്ദിനിയാളെ
തങ്കുമോദമൊടേകാൻശപഥം
സങ്കടഹീനംചെയ്യുന്നടിയൻ
ഉന്നതിനായ്ധനുർമ്മഖമൊന്നിഹ
മന്ദതരമതിവിശദംചെയ്യാൻ
ഉണ്ടൊരുമോഹംനിങ്ങടെകരുണയ-
ുണ്ടെന്നാൽസുഖമതുസാധിക്കും
യാഗത്തിന്നായ്‌രാജന്യമി-
ങ്ങാഗതമായിട്ടപ്പോൾസസുഖം
സത്യംപോലെൻനന്ദിനിതന്റെ
സത്താകുന്നവിവാഹോത്സവമ-
ങ്ങത്യന്തംകുതുകേനകഴിപ്പാ-
നോർത്താൽസംഗതിയുംവന്നുണ്ടാം
ശരണാഗതപരിപാലനലോലുപ
സരസമനസ്സുകളാകുംനിങ്ങളി-
തിൽകൃപയോടിഹസാധിപ്പിപ്പാൻ
പരിചൊടുതാണുവണങ്ങീടുന്നേൻ.

ഇത്ഥമുണ്ണിത്തിനൃപസത്തമൻമുനികല-
സത്തമന്മാർപാദങ്ങളിൽപ്പെട്ടുനമസ്കരിച്ചു
കീർത്തിമാനായരാജോത്തംസനോടന്നേരം-
മത്യന്തമുദാതാപസോത്തമരങ്ങൾചൊല്ലു
കേൾ രാജേന്ദ്ര! തവസല്ലാപവാക്യങ്ങളാ-
ലുൾക്കാമ്പിലതിതോഷംവാച്ചുഞങ്ങൾക്കി
[ല്ലൊരാൾ
ക്കയുംനിന്നിഷ്ടംപോലാകിൽചെയ്യുവാനായി
ട്ടിക്കാണുംഞങ്ങൾമടിക്കുന്നോരല്ലൊരുനാളും
യാഗസാധനങ്ങളെയാഗമജലധേ!നീ
വേഗമൊരുക്കുയാഗംസാധിപ്പിച്ചീടാംവയം
നിന്മനോഗതമെല്ലാംസന്മതേ!സാദ്ധ്യമാകും
സന്തോഷമിരിക്കനീനിർമ്മലഗുണനിധേ!
നിർമ്മായമിതിമുനിനാഥവാക്യങ്ങൾകേട്ടു
സമ്മോദംനൃപേന്ദ്രനുമേന്മേൽവളർന്നുവന്നു
ഭൃത്യന്മാരോടുംമന്ത്രിസത്തമരോടുമവ-
നാർത്തിവിഹീനംയജ്ഞസംഭാരമശേഷവും
പെട്ടെന്നുമുനികൾതന്നിഷ്ടംപോലൊരുക്കുവാൻ
വിഷ്ടപനാഥൻമടിവിട്ടുകല്പിച്ചുശീഘ്രം
എട്ടുദിക്കിലുംപറകൊട്ടിസ്സീതാവിവാഹം
ഇഷ്ട്യാപ്രസിദ്ധമാക്കാനൊട്ടുംവൈകാതെതന്റെ
ശ്രേഷ്ഠന്മാരാകുമദ്ദൂതന്മാർക്കുംകല്പനകൊടു-
ത്തിഷ്ടമാനസൻനൃപശ്രേഷ്ഠൻവസിച്ചുസുഖം.

നൃപതികുലതിലകനുടെശാസനാൽകേൾക്കയോ
താപസീനാമന്ത്രിവൃന്ദവുംഭൃത്യരും [ൽ
മംഗലമതിനുമുനിതിലകർചൊന്നസംഭാരങ്ങൾ
ശ്ലാഘ്യമാംവണ്ണമൊരുക്കിത്തുടങ്ങിനാർ
സ്രുവവുമഥജുഹുചമസമഖലാജാലങ്ങൾ
സൌവർണ്ണകുംഭങ്ങൾകുണ്ഡികാദ്യങ്ങളും
അരണിസമിതതികൾബർഹിസ്സജിനങ്ങളും
സാരമായീടുംപുലിത്തോലുമാവിധം
നവരുചിരവസനചയമെന്നല്ലഹോപഞ്ച-
ഗവ്യങ്ങൾയൂപങ്ങളിഷ്ടകാദ്യങ്ങളും
തിലജമഥബഹുസരസസോമവല്ലീചാരു-
മാതുലയഖണ്ഡങ്ങൾവില്വപത്രങ്ങളും
ഫലനികരമനവധികമാകുന്നജാവിഗോ-
ജാലങ്ങൾഹവ്യകവ്യാദിപാത്രങ്ങളും
പലതുമിവമംഗലമതിനുവേണ്ടുന്നതൊക്കെയും
ചാലെയൊരുക്കിക്കഴിഞ്ഞുവേണ്ടുംവിധം
മുകിൽനിരയൊടഥസപദിമുട്ടുന്നമാറുയ-
ന്നുൽകൃഷ്ടകാന്തിതേടീടുന്നശാലകൾ
നൃപതതികൾവരുമളവവർക്കിരിപ്പാനുള്ള
സോപാനശോഭതേടുന്നമഞ്ചങ്ങളും
കളമൊഴികൾപലരുമഥവന്നാലിരിക്കുവാൻ
കേളിസൌധങ്ങളുംതീർത്തുമനോഹരം

വിമലരുചിവിലസിതമൊത്തപട്ടാംബരങ്ങളാ-
ലാമയഹിനാംവിതാനിച്ചു സർവ്വവും
തെളിവിനൊടുപുരവരമരങ്ങിട്ടഹോ പൂഗ-
വല്ലരീജാലങ്ങളാലുമാവുംതഥാ
നിരവധികഫലമഴമിളന്നീർക്കുലകളും
നേരേ വിതാനിച്ചു മോഹനമാംവിധം
കുലകളൊടുകലിതരുചിതേടുന്ന വാഴകൾ
ചാലവെ നാട്ടിയലങ്കരിച്ചങ്ങിനെ
കദളികകൾവിലസിതമൊത്തകേതുജാലങ്ങളും
മോദമേകീടുന്നതോരണജാലവും
അതിരുചിരമവനിപതിതന്റെ നൽപത്തനേ
ചേതോവിമോഹനമായ്ശോഭിച്ചു നിസ്തുലം
പൃഥിവിവരതിലകരൊടു ഭൂപേന്ദ്രശാസനാൽ
ചിത്തസന്തോഷമാം സീതാസ്വയംവരം
അതിരസമതിസരസസ്തുതസംഘങ്ങളും ചെ-
ന്നൊത്തുമടികളൊത്തുണർത്തിച്ചു സാദരം
ജനകനൊടുമംഗലമതിന്നുവേണ്ടുന്നതൊക്കെയും
സാനന്ദമിങ്ങുതയ്യാറെന്നുണർത്തിനാർ.

ഇഷ്ടികളെല്ലാതസംഭാരങ്ങളു-
തിഷ്ടംപോലെയാക്കിയശേഷം
ഇഷ്ടാത്മാക്കളതായമുനീശ്വര-
രിഷ്ടത്തിന്നുതുടങ്ങിപ്പതുക്കെ

ഇഷ്ടകകൊണ്ടു പൎവ്വവേദികളെല്ലാ-
മിഷ്ടംപോലെ ചമച്ചു വിശേഷാൽ
ശുഭ്രങ്ങളായ തടചാപാവൃതമവ-
രതൽ വേദിതന്നുപ ശോഭനജാലം
ചാൎത്തിസ്സുഹൃതരകന്യാപൂജി-
ച്ചുത്ത്യന്തമണിപീഠത്തിങ്കൽ
ചേൎത്തു മഹേശപരമന്ത്രസമൂഹാ
പേൎത്തു ജപിച്ചു തികതുകസമേതാ
ത്തുഷ്ണീയസ്സുഖമൊടു പ്രതിഷ്ഠി-
ച്ചാക്ഷണന്മങ്ങളവർ പൂജകഴിച്ചു
ത്ര്യക്ഷനെയാത്തു ഹവിസ്സുകളെല്ലാം
പ്രക്ഷേപിച്ചു തുടങ്ങി നിതാന്തം
ക്ഷിരാജ്യാഹുതി കൊണ്ടു ഹുതാശൻ
ക്ഷീണം വിട്ടു വളൎന്നു തുടങ്ങി
ആഹുതിഗന്ധികളാകും ധൂമസ-
മൂഹാന്തരേ വളൎന്നു വിളങ്ങി
വേദോച്ചാരണശബ്ദവിശേഷാ
മേദുരമായിട്ടങ്ങു മുഴങ്ങി
നലമൊടു ഗീതവിശേഷസമേതാ
പലപലവാദ്യധ്വനികളുമുഴങ്ങി
ഭൂമിപകുലവരർ വന്നു തുടങ്ങി
ഭൂമിപവരരനതിരേറത്തുടങ്ങി
തേജാകതിരകളാനകൾകാലാ-

ളാരാൽപുരമതിലകമ്പൊട്ടതിങ്ങി
മഞ്ചോപരിമണിവിഷ്ടരതതിയിൽ
തഞ്ചംപോലെനൃപാലന്മാരെ-
ല്ലാരുംപടിയഥജനകമഹീശ്വര-
നാരാൽവേശിപ്പിച്ചുതുടങ്ങി
നമ്പൂതിരികളുമെമ്പ്രാന്മാർചില-
നമ്പ്യാന്മാരുംനായന്മാരും
രായന്മാരുംവാരിയർമൂസ്സക-
ളായോരുംബാതവരുംതുടങ്ങി
പാളത്താറുംവെച്ചുഞെളിഞ്ഞോർ
പാളപ്പാത്തിയുംകീറക്കടയും
തോളിൽകിഴിയരോണങ്ങളുമായ്
മേളത്തിൽചിലപാച്ചുമുതൃപ
പട്ടന്മാർചിലകുട്ടികളോട്ടും
പെട്ടന്നവിടെനിറഞ്ഞുതുടങ്ങി
മുക്കൊമ്പൻകറിപ്പാട്ടകരത്താ-
ലൂക്കപെരുത്തോരുമീശപിരിച്ചും
തിക്കിത്തള്ളിക്കരയായങ്ങളു-
ലുക്കബ്രാഹ്മണർവന്നുതുടങ്ങീ
ഓത്തന്മാരുംശ്രോത്രിയരുംചില-
വാദ്ധ്യാന്മാർപുനരാഢ്യന്മാരും
തമ്മിൽകലശപിശക്കൂട്ടന്നൊരുവക

ത്തമ്മാടികളും വരവു തുടങ്ങി
വടിയും കുത്തി വിറച്ചവരും ചില
തടിയന്മാരും മടിയന്മാരും
കുടിയന്മാരും കോമട്ടികളും
കടിപിടികൂടി നിരന്നു തുടങ്ങി
കാവന്മാരും കാവികളും പല-
പരവന്മാരും പാമ്പാട്ടികളും
ആൎച്ചന്മാരും കൊങ്ങിണിച്ചെട്ടികൾ
മാരാന്മാരുമസംഖ്യതിങ്ങി
ഞാത്തുത്താലുകെട്ടികളങ്ങു-
മിഞ്ഞകൾ വീരണാത്തുത്തങ്ങികളും
നമ്പ്യാന്മാരും നമ്പൂര്യാതിരി-
യശ്യാന്മാരും മൂട്ടച്ചികളും
ചെട്ടിച്ചികൾ ചില പട്ടാണിച്ചികൾ
കെട്ടികളെത്തിവരുന്നിതസംഖ്യാ
ഒക്കിൽ കുട്ടികളെപ്പുണരാറി-
ച്ചമ്മന്മാരുടെ കൈകളെ പിടിച്ചും
ചാലികൾ വരുന്നാരൊട്ടുകുട-
ത്തക്കാരനൊഴിയണമെന്നു തുടങ്ങി.

തലയും മീനക്കിക്കട്ടിമലയും തോറാറമടങ്ങും
മുലയും കൂട്ടിത്തെളിഞ്ഞ നിലയ്യാട്ടാണുമവക

വിലയേറുംഭൂഷണങ്ങൾനിലയില്ലാതണിഞ്ഞങ്ങു
വലിയമോടിയുള്ളപെണ്മണിമാരുംവന്നുചേൎന്നു
മിഴിയിലഞ്ജനംതേച്ചുവഴിയിൽകാണുന്നോൎമന-
മഴിയുന്നപുരികുഴലഴകിൽകെട്ടിനിറുത്തി
അഴകേറുംമുല്ലമാലവഴിപോലണിഞ്ഞുകാന്തി
കളിയാടുംതിലകങ്ങൾവിലസുംഫാലത്തിൽചേ
കളതരകാന്തിപൂരംവിളയുന്നകുണ്ഡലങ്ങ- [ൎത്തു
ളിളകുന്നവിധംകാതിൽതെളിവോടണിഞ്ഞുമെ
[ല്ലെ
അളകങ്ങളാടിത്തെളിവിയലുംഭാമിനികൾ
നളിനകോരകങ്ങൾപോലിളകുന്നകൊങ്കകളെ
തെളിവേറുംകഞ്ചുകംകൊണ്ടഴകിൽമറച്ചുപാരം
വിലസുംവിഭൂഷണങ്ങൾവിളങ്ങവോടണിഞ്ഞുചേ
കളകാന്തിതേടിടുന്നപുടവയുടുത്തുകാലിൽ [ലേ
തളയുംകരങ്ങൾതന്നിൽവളയുംമോതിരങ്ങളും
ലളിതമാംപടിയണിഞ്ഞലസലോചനമാരാം
കിളിമൊഴിമാരസംഖ്യംകളിയോടെവന്നണ
[ഞ്ഞു
മനസ്സിന്നങ്ങതിമോദംവളൎത്തുംപെണ്ണുങ്ങൾത
കനത്തപോർമുലകളുംതുടുത്തമുഖവുംകണ്ടു [ന്റെ
കടുത്തമാരബാണങ്ങൾതരത്തിൽതറച്ചുചിത്ത-
പട്ടതാംകറഞ്ഞകാമിജനത്തിൻതികഞ്ഞതിരക്കം

പെരുത്തുമിഥിലതന്നിലുരുത്തുജനസംഘങ്ങൾ
പെരുത്തമോദമോടോരോമട്ടുത്തിരണ്ടുപാരം
നിരന്നുചാണിഭക്കാരുംഞെരുന്നുവില്ലുനക്കാരും
പരന്നുവൈണികന്മാരുമിരുന്നുപാടുന്നവരും
തുടങ്ങിപ്പാതടികളുമിടങ്ങാതെമോഹനികൾ
ചടങ്ങിലാടിത്തുടങ്ങിമടങ്ങാതെങ്ങുംദിശി
പെരുത്തുതോരണമേൽകളിതരത്തിലമ്മാനാട്ടങ്ങ്
കരുത്തരാംജാലവിദ്യ്യരതിരങ്ങുംദിശി[ൾ
വളൎന്നവാൾകന്തങ്ങളുമെറിഞ്ഞുകളികൾപാരം
വളൎന്നമൽപ്പിട്ടങ്ങൾവളയിൽചാട്ടങ്ങൾപി
[ന്നെ
തെളിവോടോട്ടൻതുള്ളൽകളികൾപലതരങ്ങൾ
ലളിതതരങ്ങളായിത്തുടങ്ങിയങ്ങെങ്ങുംദിശി
മിടുക്കേറൊരക്ഷിവൃന്ദമട്ടത്തുലഹള്ളക്കാരെ
തടുത്തുനിൎത്തിട്ടന്നൊരുപട്ടപാമരങ്ങുംദിശി
കടുത്തകഞ്ചാവുകള്ളുതുട്ടകംമെട്ടുവലിച്ചു
മിടുക്കരുംപറഞ്ഞൂറകൊണ്ടുനടക്കുംഗോസായിക്കൂട്ടം
തടക്കുംകൂടാതെചെന്നുകടക്കുന്നസമയത്തു
തടുക്കുംകുത്തക്കാരെതിരക്കളുണ്ടെങ്ങുംദിശി
കുടിച്ചുബോധമില്ലാതെനടക്കുംചങ്ങാതിമാരെ
പിടിച്ചുതള്ളിനീക്കുന്നനടത്തുമുണ്ടെങ്ങുംദിശി
ഭോൎത്തൊലൊട്ടങ്ങളാനന്ദനിറഞ്ഞുമിഥിലാത
[ന്നിൽ

ചൊറുതാരുസഭയതിന്റെമഹാത്മ്യമഹിവർണ്ണനം

ഊട്ടുപുരയ്ക്കൽചോറുംവട്ടവു-
മൊട്ടുകഥിക്കാംകേട്ടുധരിപ്പിൻ
ശ്രേഷ്ഠൻജനകമഹീശപുരന്ത്രികൾ
ചട്ടംകെട്ടിയപട്ടന്മാർചിലർ
ഇഷ്ട്യാകളികറിയങ്ങുകഴിച്ചുട-
നൂട്ടമഠത്തിൽതെയ്യാറായി
പാത്രമശേഷമതച്ചുനിരത്തിയ-
തെത്രവിശേഷമതിൽപിലവാഴ്ക-
ളൊത്തമതീയെരിയുന്നൊരടുപ്പിൽ
കേറിസ്സുരസംവാദവുമുടനേ
ഉപ്പേരികളങ്ങാരന്തരത്തിൽ
ത്രുപ്പട്ടർവിളമ്പീടുടാ-
തപ്പാകംതയ്യാറാക്കിയൊരട-
ത്തെപ്പൂതംശരിയാക്കിയൊരുക്കി
ഉപ്പിലിട്ടെണ്ണാത്തകറികളശേഷം
പിപ്രാടപ്പണ്ണാവുചമച്ചു
കേളിപ്പെരുക്കാമൊട്ടുകറികളിയ-
കാളൻകാളിപ്പട്ടർചമച്ചു
പച്ചടികിച്ചടിതോരൻമുളകാ-
പ്പച്ചടിമുതലായുള്ളദശകറി

പിച്ചപ്പട്ടർപാചിച്ചുതുടങ്ങി
വാച്ചകളുമലോലമാമടമാളിടത്തിൽ
എള്ളുണ്ടകളടവടയെന്നിവക
ളുള്ളപെരുത്തതകളുന്നപ്പട്ടര-
തെല്ലാംമതസ്സൂരാക്കിവിശേഷാ-
ലുള്ളിൽക്കളുകമൊടഥസുഖിച്ചു
മുത്തുപ്പട്ടർകളൂന്നകളോടും
പെറ്റുംകേരപ്പുണികളുടൻ
കീർത്തിപെരുത്താമരിശ്ശേരികറി
തീർത്തിതുകിട്ടൻപട്ടർവിശേഷം
പ്രഥമൻപായസമെന്നിവപലതും
മഥനംചെയ്തുമനോജ്ഞമതാംപടി
മതിമാനുപ്പട്ടർചമച്ചിതു
മതിതെളിയുംപടിമടിയില്ലാതെ
കള്ളമൊഴിഞ്ഞുപഴുത്തുവിശേഷ-
പ്പുള്ളികൾവീണൊരുനേന്ത്രപ്പഴനിര-
ചണ്ടിച്ചനവധിനല്ലചരക്കതി-
ലുണ്ണൻപട്ടർപചിച്ചുസുഖേന
ശോഭപെറുകാന്തിവിളങ്ങാപഴയരി
ശങ്കാരഹിതമരിച്ചുരസത്തോടു
കെങ്കേമമതാംചോറ്റുകളിൽബത
ശങ്കുപ്പട്ടർരസേനപചിച്ചു

പൂൎണ്ണശശാങ്കൻതാറാവമടങ്ങും-
വൎണ്ണപ്പലിയൊരുവലിപപ്പടനിര
തിൎണ്ണംകാച്ചിച്ചേറിയതുമപ്പടി
ഖണ്ഡചിഫിനാകൊത്തിയലാക്കി-
ട്ടൎണ്ണാസപാമികളോലൻവെപ്പാർ
തിൎണ്ണംബഹുതരമുതസാഹിച്ചു
കട്ടകാംകേരവൃമൊത്തുവരകളാ
കട്ടതാലപാളയുമങ്ങൂരുതിന്ന
ചട്ടകമിട്ടമഴിച്ചുമരിയും
മട്ടുംചെമ്പുപിടിക്കലപാളയും-
മൊട്ടവളൎന്നിതുവിളിയുംതെളിയും
പിട്ടല്ലവിടെയതെത്രവിചിത്രാ
പൂകയുംകരിയുംപാറിമുഷിഞ്ഞൊരു
മുഖവുംമുണ്ടുംചാവായായൊരു
ശിഖയുംപൂണ്ടുദാണ്ഡായംപൊടിപൊടി
തക്കൃതിയതായിനടത്തീട്ടന്നൊരു
പട്ടന്മാരുംടമട്ടനിനച്ചാ-
ലൊട്ടല്ലത്രമനോജ്ഞംതന്നെ
കലവറയുണ്ടൊരുഭാഗത്തവിടെ
പലപലസാമാനങ്ങളനിറച്ചവ-
യവിടത്തെക്കശപിശകണ്ടെന്നാ-
ലെവനുംവിസ്മയമുളവായീടും

തിക്കിത്തള്ളിയട്ടഹസന്നവരുടെ
ക്ഷുഭ്രാവിള്ളിയുംപൊലിസ്സുകളും
പാഴിൽശിവശിവയെന്നല്ലാതൊരു
വാക്കരിയാടാനില്ലനിനച്ചാൽ

പട്ടത്തുമെരംപ്രചാരന്റാകട്ടത്തകല്പനയെല്ലാത്തു
നടക്കണമെന്നാപ്പെട്ടനാട്ടുവിളിച്ചെയ്യെല്ലു
കട്ടത്തമൊതമൊട്ടടനാട്ടു പൊണ്ണാൻകിണ്ണ
[ത്താൽ
കൊട്ടത്തകാച്ചിളുണാവുംപെട്ടത്താരെണ്ണയും
[ത്തെച്ചു
കളിച്ചവിപ്രന്മാർമൃഗപിടിച്ചുമിച്ചപാരം
തിളച്ചുമൊഴമൊടൊറംവൃച്ചുപിപ്രകണത്തു
നിരക്കെനെന്നായിവെച്ചെച്ചയുള്ളൽചൊന്നനിര
[ക്കെ
തിരക്കിതിക്കിനിതാനമിരിക്കുന്നോരന്തണക്കായ്
ത്തണക്കംകുളിംമേനിത്തണക്കമെട്ടപ്പൂളൂവാ-
നിണക്കമെരന്നൊരുപാതാവണ്ണംവെത്താടെകൊ
[ട്ടു
എട്ടുനാരങ്ങമാങ്ങളൂട്ടത്തപുളിഞ്ചിക്കറി
മട്ടക്കംമട്ടവിളമ്പിക്കൊട്ടത്താരഞ്ചിത്തയിതും
പെരുത്തനെല്ലിക്കാക്കറിപരിപ്പുപച്ചടിസാമ്പാ
കരത്തേറുംകൂട്ടുകറിയിഞ്ചിയലൊക്കവിളമ്പി [ർ

നിറത്തിൽനന്നാലുകീറിവറുത്തനേന്ത്രവാഴ്ക്കു
നറുക്കളേചേനകൂൎക്കുതചികളുംചക്കച്ചുളയും
കിഴങ്ങൻചേമ്പുകൾക്കൂൎമ്മവറുത്തതുമങ്ങനെപി
[ന്നെ
വഴിക്കക്കുപ്പേരിയൊഴിക്കാതെനാഴിവീതം
പഴുത്തകദളിവൎഗ്ഗങ്ങൾകരുത്തകന്നൻപൂവ്വനും
കൊഴപ്പേറംചിങ്ങൻകേളിപെരുത്തമൈസൂർ
[പൂവ്വനും
പഴങ്ങൾപലതരങ്ങൾവിളമ്പിപ്പരപ്പപ്പടം
കഴഞ്ഞാതെവലിയതുംവിളമ്പിയോരുന്നവിധം
ഉഴക്കുപഞ്ചാരപ്പൊടിവഴിക്കകൊടുത്തുപിന്നെ
പിഴയ്ക്കാതെവിളമ്പിനാർപുഴുക്കനേന്ത്രപ്പഴവും
ശരച്ചന്ദ്രകാന്തിപോലെവെളുത്തപഴയരിച്ചോർ
നിരക്കെവിലകളെല്ലാംവിളമ്പിവിലസുംവൎണ്ണം
നറുഞ്ചെറുനേന്ത്രക്കായ്ക്കുന്നാറുകളിവേവിച്ചുനന്നാ
[യ്
ചോറുകളിൽചമച്ചുചെച്ചികൊട്ടക്കണക്കെതിരുളിയും
പഴുത്തവെള്ളരിക്കായുംമുഴുത്തമാമ്പഴവുംകൊ_
ണ്ടഴുക്കില്ലാതുണ്ടാക്കിയകൊഴുത്തകാളനുംപിന്നെ
കനത്തൊരോലൻകിച്ചടിയനക്കൂട്ടാനതിലും
മിനുത്തതോരനുംപിന്നെപൊടിതൂവൽപലത
അടവടയെള്ളുണ്ടകൾപൊടിയുപ്പുമപ്പമിവ [രം
മടിയില്ലാതിഷ്ടംപോലെവടിവിൽവിളമ്പിമെല്ലെ

ഉരിനെയ്യിൽകായാതെശരിയായുപസ്കരിച്ചു
വിരവോടെകടികൾനീർപ്പരിചിൽവിളമ്പിക്കൊടു [ത്തു
കരിമ്പിൻനീർചക്കരവെള്ളംസരസംകലക്കിയ [പാൽ
ചൊരകിണ്ടികളിലാക്കിനിരയായ്ക്കൂട്ടിപ്പാനേകി
ഒരുവട്ടമിപ്രകാരംപരിചോട്ടൂൺകഴിഞ്ഞപ്പോൾ
മരിയാദപോലെപിന്നെപ്രഥമനൊമ്പാടെടുത്തു
അടയുംപരിപ്പുംപഴമിടയിൽപാൽപ്രഥമനും
വടിവിൽപഞ്ചാരചേർത്തകൊടിയപാൽപായ [സവും
മടിവിട്ടുവിളമ്പുന്നതഖിലംകൈക്കപിടിച്ചു
അടിയന്മാർചുറ്റുചുറ്റെമതിയാംവണ്ണംചെലുത്തി
ഉറത്തയിർചാറുംമോരുംമറക്കാതെരണ്ടാംചോ [റും
ഉറ്റുകാച്ചിയമോരുംപരക്കെവിളമ്പിനന്നായ്

പന്തിവിചാരംചെയ്യുന്നടക്കം
ചന്ത്രക്കാരരെടുത്തുജവേന
വേണ്ടുന്നവയെചോദ്യംചെയ്തും-
കൊണ്ടുനടന്നുതുടങ്ങിസുഖേന
പപ്പടമിവിടെപ്പഴമിവിടെപ്പൊടി-
യപ്പിവിടെതയിരിവിടെശർക്കര-
യുപ്പേരിപ്പൊടിയിവിടെസാമ്പാർ

പാൽപ്പായസമതിവിടെയതേവം
പ്രിപ്രഥമന്മാരുടെകോലാഹലവും
പിൽപ്പാടവിടെക്കേൾക്കാറായി
അടമധുരക്കറിയല്പംകൂടി
പട്ടരെയൊടിഞ്ഞുവിളമ്പുകയെന്നും
കാളൻമതിമതിനാരങ്ങാക്കറി-
യോലൻവേണ്ടപഴംപോരെന്നും
പഞ്ചാരപ്പൊടികൊണ്ടാപച്ചടി-
യഞ്ചാതിവിടെക്കൊണ്ടുപോരുക.
കല്ലക്കാക്കറിയിഞ്ഞുകിടച്ചാ-
ലല്പംകൂടിത്തട്ടാമെന്നും
കോരികകൊണ്ടിഹമൂട്ടശമിപ്പി-
ച്ചാരാലിഞ്ഞുപഴപ്രഥമൻബത
പാരംമതിയാവുന്നവരെക്കം
കോരിക്കോരിവിളമ്പുകയെന്നും
ഘനാവതുവാൻപാകടിക്കണ-
മിഹമറ്റൊന്നുംവേണ്ടീലെന്നും
ലഹളയതായിപ്പറയുംവാക്കൊട്ടു
സഹിതംചിരിയുംതേട്ടകളുമുക-
ഏക്കവലിക്കകയ്യൂശിവിളിക്കതി-
രക്കിവണ്ണബഹുരസമെന്നേവേണ്ടു
ഭൂപന്മാക്കമിതേവിധമെല്ലാം
താപവിഹീനംസദ്യകഴിഞ്ഞു

അമ്പലവാസികളുംഉൾപ്പരിഷകളും
പിമ്പതിൽനിന്നഥതാണെല്ലാർക്കും
കമ്പകൾനിറയുംമട്ടാകൊട്ടത്തിലു
കമ്പംവിട്ടപദാർത്ഥമശേഷം
കഞ്ഞിക്കാവുംകാവുംകൊമ്മിണി
കഞ്ഞിക്കുട്ടിയുമിട്ടിച്ചിരിയും
ഇട്ടുണ്ണൂലിയുമുണ്ണിയുണിച്ചിരി
കുട്ടിപ്പെണ്ണുതുടങ്ങിയൊരച്ചിക-
ളെച്ചിലുവാരിയടിച്ചുതെളിച്ചും
സ്വച്ഛതചേർത്തീടുന്നളവിങ്ങിനെ
കാലത്തെട്ടുമണിക്കുതുടങ്ങി
കോലാഹലമായൂണിപന്തലിന
ചാലെസദ്യകഴിഞ്ഞിതുരാത്രിയു-
മില്ലൊരുഭേദമിതുവിധമവിടെ
കാല്യാണാലയനാകിയജനകൻ
കല്പിതകലശംയജ്ഞവിശേഷമി-
തെല്ലാവർക്കുംവിസ്മയമാംപടി
നല്ലാമോദമൊടങ്ങുതുടർന്നു.
സീതാപരിണയമോർത്തുവരുന്നൊരു
ചേതോഹരരാഷ്ട്രപന്മാർചിലർ
ചേതസ്സിങ്കൽപലതരമിങ്ങിനെ
സാതങ്കേനനിനച്ചുതുടങ്ങി
വേളിക്കെല്ലാരുവട്ടമശേഷം

നീളെക്കാണുന്നില്ലൊരിടത്തും
നാളിന്നൊരായിനിനച്ചാൽ
നാളത്തെക്കഥകണ്ടാലറിയാം
പെണ്ണുങ്ങളിൽനിനച്ചുംകൊണ്ടോര്
പൊണ്ണൻമട്ടുകിടന്നിവിടത്തിൽ
കണ്ണിലുറക്കവുമില്ലാതുഴലാൻ
തിണ്ണയുമോർത്താൽവിഷമംതന്നെ.
പരിണയമുണ്ടായെങ്കിൽസുന്ദരി
സരസംനാഥയതിങ്കനിശ്ചയ-
മൊരുകേശാദിസംശയമതിനായ്
തരമാകുന്നതുമില്ലിഹജനകൻ
പച്ചക്കാമനെന്നിവളെന്നുട
കൊച്ചുശരീരംകണ്ടാൽകാമ-
പ്പിച്ചുപിടിച്ചുൻമടിയിൽകയറാം
തച്ചികളില്ലപകികൾനിനച്ചാൽ
രസമറിയുന്നോരെന്നാൽനവരസ-
രസികാഗ്രേസരനായിട്ടവനെ
വരണംചെയ്യുംവാരണഗാമിനി
നിരുപിച്ചെന്നാലില്ലവിവാദം
ഗുണമറിയാത്തോരരങ്ങണികളോർത്താൽ
തൃണതുല്യകളാംസംശയമില്ല
മേനികളുള്ളപകിട്ടിൽകാമിനി
മാനിച്ചീടുമിതിൽപരമില്ലൊരു

ദോഷത്വങ്ങൾമുരുക്കിൻപൂവിനു
തോഷപ്രദമാംഗന്ധമുണ്ടോ
എന്നാചരിക്കാതന്യന്മാരാളെ
സുന്ദരിമാർമണിമാലയതിട്ടാൽ
ഉന്നിക്കാണാംമന്നവരെബ്ബത_
കൊന്നശരിക്കെൻതോഴിയതാകി
തന്വാംഗിമണിയേയുംകൊണ്ടട-
ന്നെന്നുടെപാട്ടിൽപോകുന്നുണ്ടിതി_
മന്നവർപലരുംപലതരമേവിടെ-
ത്തന്നിഷ്ടങ്ങളെയോർത്തുവസിച്ചു.
ഏഴുദിനങ്ങൾകഴിഞ്ഞൊരുശേഷം
കേഴണ്ണാൾമണിയാംസീതയെ
വേളികഴിച്ചുകൊടുക്കേണ്ടതിനു_
ള്ളാലോചനയോടുജനകമഹീശൻ
ഭൂപാലാവലിതന്നോടിവണ്ണം
താപവിഹീനമടുത്തുരചെയ്തു.

നൃപതികലമുഖ്യന്മാരാംനിങ്ങൾനിസ്സംശയം
സപദിമമഭാഷിതംകേൾക്കേണമേവരും
ഇഹമംഗലമിതെൻപുത്രിതൻവിവാഹത്തിനായ്
സഹൃദയജനോത്തമൻനാരദൻചൊല്ലിയാൽ
വടിവൊടുതുടർന്നുഞാൻനിങ്ങളേയുംക്ഷണി_
ച്ചിടയിലൊരുസത്യവുംചെയ്യുന്നതൊളുവൻ

മഹിതഗുണമുള്ളൊരിത്ത്രൈയംബകധനു-
സ്സിഹബതമുറിക്കുവൊൎക്കപ്പൊഴെസീതയെ-
തെളിവൊടുകൊടുത്തിടാമെന്നാണതിന്നിനി
കളവൊഴിയവെനിങ്ങൾനന്നായ്ശ്രമിക്കണം
കളിവചനമല്ലിതെന്നുള്ളിലോൎത്തീടുവിൻ
നളിനമിഴിയാംതന്നെവേട്ടുകൊണ്ടീടുവിൻ
ഇതിനൃപതിഭാഷിതംകേട്ടുഭൂപാലരും
മതിയിലിടിയേററപോലൊന്നുഞെട്ടീടിനാർ
മുഖമൊടുമുഖംനോക്കിനിന്നാർചിലരതിൽ
സഖികളൊടുമന്ത്രിച്ചുനിന്നീടിനാർചിലർ
ചടുലമിഴിയാംതന്റെരൂപംനിനച്ചുടൻ
തടിയൊടുസമാനരായ്നിന്നാർചിലരതിൽ
അടിമുടിവിയൎത്തുകൊണ്ടങ്ങുമിങ്ങുംതദാ
വടിവിനൊടുനോക്കിനാർവേറെച്ചിലരഹോ
ചുടുചുടെവെവീൎപ്പിട്ടുനിന്നീടിനാർചിലർ
കടുകടെയൊലിപ്പിച്ചുകണ്ണുനീരുംചിലർ
കിടുകിടെവിറച്ചുരോഷാകുലന്മാർചിലർ
ഇടുഇടെയതാക്കിനാർദ്ദൂളിമാറംചിലർ
വിരവിനൊടൊളിച്ചുമണ്ടാൻനോക്കിനാർചില
തരമൊടുപതിച്ചുമോഹാന്ധരായിച്ചിലർ [ർ
കുടിലമതിയാമിവൻതന്റെസത്യംമഹാ-
കഠിനമിതുദുസ്സാദ്ധ്യമെന്നുചൊന്നാർചിലർ

അലസമതിയായ് ചൊറമിങ്ങാതിരിക്കിലി-
ന്നലസമിഴിയെയരികിട്ടുകില്ലെന്നുമായ് ചിലർ
ശിവശിവശിവൻതന്റെചാപിൽമുറിച്ചീടിലി-
ന്നിവനു ബ്രഹ്മപാതകം പോരുമെന്നാർ ചിലർ
നഹിവിഷമമിന്നിതിനെന്നാർ ചിലരതിൽ
മഹിതമിളചിന്തിക്കവേണ്ടയെന്നായ് ചിലർ
ജലജമുഖി തന്നെ ഞാൻ കൊണ്ടുപോമെന്നുമായ്
ചിലരതിൽ വിലജ്ജിച്ചു താഴ്ത്തിമുഖം ചിലർ
പലവിധമിത്തരം ചിന്തിച്ചുകൂട്ടുമാം
വലിയ നൃപസംഘത്തിൽ മന്ദമന്ദം മുദാ
മട്ടമലർശരൻമാരിപെയ്യുന്നവണ്ണമേ
കടുവിശിഖസഞ്ചയം തൂകിയെത്തീടിനാൻ
കമലവിശിഖൻതന്റെ യാതനകളാലതാ
പ്രമദമൊടു പോലവർഗ്ഗങ്ങളിൽ ചിലർ
പടുതയൊടു ദോറ്റുത്ര്യർ കൊണ്ടുവന്നുള്ളൊരാ-
കടുതരശരാസനത്തിന്റെ ചുറ്റും പരം
തുരയൊടു ഭ്രമെച്ചന്നു നിന്നുള്ളിലോരോതരം
സരസമൊടു ചിന്തിച്ചുനിൽക്കുംദശാന്തരേ

പൊട്ടുള്ളൊരൊരുമന്നൻ പെട്ടന്നു പുറപ്പെട്ടു
ഒട്ടുമടിച്ചീടാതെ കെട്ടിപ്പിടിച്ചു ചാപം
വട്ടണിക്കൊങ്കയാളെത്തുഷ്ട്യാ ചിന്തിച്ചു ചലം

പിട്ടുംപ്രയോഗിച്ചതിൽകിട്ടിയില്ലൊരുഗുണം
നിഷ്ഠുരമായചാപമൊട്ടുമിളകാൻപോലും
കഷ്ടമവൻപ്രയത്നിച്ചിട്ടുംസാദ്ധ്യമായില്ല
ഖിന്നനായവൻപിന്നിൽമന്ദംലജ്ജിച്ചുമാറി
പിന്നാക്കംനോക്കിക്കൊണ്ടുനില്ലാതെനടകൊ
കൊങ്കണരാജൻതാനുംമങ്കയിലാഗ്രഹംപൂ- [ണ്ടു
ണ്ടങ്കിതാതങ്കത്തോടങ്കത്തിൽചോടുവെച്ചു
ശങ്കിച്ചുശങ്കിച്ചുടൻതിങ്കൾചൂഡന്റെചാപം
വങ്കച്ചാർചെന്നെടുത്തുശങ്കരദ്ധ്യാനംചെയ്തു
ഹുങ്കാരത്തോടുകൂടിശ്ശങ്കമാല്ലലിച്ചു
കിങ്കരന്മാരെന്നാകിസങ്കടപ്പെട്ടുവീണു
കഷ്ടാകൈകാലുമെല്ലാംപൊട്ടിപല്ലുംകൊഴിഞ്ഞു
കഷ്ടിച്ചിഴഞ്ഞുതന്റെപത്തനംപ്രവേശിച്ചു
മോശക്കാരനായിട്ടാകാശിഭൂപതിപെണ്ണി-
ന്നാശിച്ചുവിൽകുറിപ്പാനാശയാചെന്നെടുത്തു
പാണ്ഡുപതമാംചാപംവാശിക്കുവളച്ചപ്പോ-
ളാശയഭ്രാന്ത്യാപാരംക്ലേശത്തോടെപതിച്ചു
മുട്ടുകൾരണ്ടുംപൊട്ടിപ്പട്ടിയെപ്പോലെകിത-
ച്ചോട്ടുപരവശത്തോടെട്ടുദിക്കിലുംനോക്കി
പെട്ടെന്നുമാനംകെട്ടുചോട്ടുകളെല്ലാംപിണ-
ഞ്ഞൊട്ടുവേദനയോടെകഷ്ടംതിരിച്ചുപോയി
ഉദാരന്മാരായമറ്റചപലന്മേവ-

മോദം പ്രയത്നം ചെയ്യു ചോദം ഫലിച്ചീടാതെ
ഖേദം പൂണ്ടിരുന്നപ്പിന്നെ ദാഹം വർദ്ധിച്ചു ചിലർ
മോഹിച്ചു പൽ കൊഴിഞ്ഞു ഹാഹാ തിരിച്ചു കണ്ണും
പങ്കജബാണൻ തന്റെ ഹുങ്കൃതി സഹിയാഞ്ഞു
ശങ്കരഹിതോപസാഹങ്ങൾ ചെയ്യുന്നതെല്ലാം
ശങ്കര! വിചാരിച്ചാൽ കൈക്കേമമാക്കാം ചിരി-
യങ്കരിച്ചീടുമിതിൽ ശങ്കലവവുമില്ല.
ശിഷ്യോപാമാർ ബദ്ധപ്പെട്ടൊഴിഞ്ഞു തപ-
ശ്രേഷ്ഠൻ താൻ പുരവിട്ടു കണ്ണും പൂട്ടിപ്പോയി
ഇങ്ങിനെ മിഥിലയിൽ മങ്ങാതെ യാഗകർമ്മ-
മങ്ങു നടന്നിടുവാൻ സംഗതി വന്ന കാലം
ഉണ്ടായ കഥയിനിയുണ്ടൊന്നു കഥിക്കുവാൻ
വേണ്ടുന്ന വിധം കേട്ടുകൊണ്ടു ധരിപ്പിനിതും.

വിശ്വാമിത്രൻ യാഗം ചെയ്യാൻ

വിശ്വാമിത്രനോടാരാക്ഷസർ
നിശ്ചയമായും ശോണിതമെന്നവധി
നിശ്ചിതചിത്തർ ചൊരിഞ്ഞുമുടക്കം
ചിത്തത്തിങ്കലതിന്നൊരുപായം
ഓർത്തറിയാഞ്ഞു മുനിശ്രോത്തമനും
പാർത്തങ്ങുന്നാളുള്ളിലിവണ്ണം
ചീർത്തരസനന്നിനച്ചു യതീന്ദ്രൻ

ദശമുഖഖലനെക്കൊലചെയ്യാനായി
ദശരഥസുതനായ്ബ്രഹ്മാവാദികൾ
പരിചിനൊടർത്ഥിച്ചതുമൂലംഭുവി
നരകാരാതിയയോദ്ധ്യാപുരിയിൽ
അവതാരംചെയ്തരുളീടുന്നിതു
ഭുവനമനോജ്ഞൻശ്രീരാമാഖ്യയൊ-
ടവനീഭാരമശേഷംതീർപ്പ്വാ-
നാപനാചെയ്യുംനാമമുടയോരാൾ
രാമൻമന്മഥധാമൻജഗദഭി-
രാമൻരിപുകുലഭീമൻനിർജ്ജിത-
കാമൻകമലാധാമൻമഹിമാതു
ധീമാൻസന്തതിപരിപാലിതം
ഉത്തരദിക്കിലുറച്ചമുനീശ്വര-
നുത്തരകോസലമതിലെഴുന്നള്ളി
ഉത്തമനാകുംദശരഥനൃപനൊടു
വാർത്തകളെല്ലാമറിയിച്ചുടനെ
ലക്ഷ്മണനോടുസമേതംമനകല
ലക്ഷണനായീടുന്നൊരുരാമനെ-
യക്ഷണമങ്ങുവരിച്ചുമുനീന്ദ്രൻ
രാക്ഷസഭയപരിഹാരത്തിനായ്
വില്ലുംശരവുംപൂണ്ടുകുമാരക-
ളുല്ലാസേനമുനീന്ദ്രനുമായി

പോകുംവഴിയിൽ ഭീഷണയായ്ഭയ-
ജനകം താടകയാകിയരാക്ഷസി
തന്നെയൊരമ്പാലന്തകപുരിയിൽ
ഖിന്നതയെയന്യേവിട്ടിട്ടുരാമൻ
സിദ്ധാശ്രമമതുപുക്കമഖംവൈത
മദ്ധ്യാഹ്നാപുനരാരംഭിച്ചു
ഉദ്ധതരാകിയമാരീചാദികൾ
ബദ്ധതപോബലരത്രഗമിച്ചു
രക്തംചൊരിയുമദ്ധ്വരത്തിങ്കൽ
ശക്തനായസുബാഹുവെരാമൻ
നക്തഞ്ചരവരരോടുംവിശിഖം
ശക്തിയൊടെയ്തുകൃതാന്തനുനൽകി
ബാണാഹതിസഹിയാഞ്ഞുപരാതേ
കേണുപതിച്ചോരുമാരീചന്നഥ
കാണികൾകൊണ്ടാടുംപടിധീമാൻ
ക്ഷീണതവിട്ടകൊടുത്താനഭയം
മിഥിലാധിപനുടെയജ്ഞംകാണ്മതി-
നധുനാപോകനമുക്കെന്നായ്മുനി-
യരുളിച്ചെയ്തുടനാരഘുകുല-
വരനുംസൌമിത്രിയുമതിമോദാൽ
താപസവരനൊടുകൂടെസ്സരസം
താപവിഹീനായാത്രതുടർന്നു

കണ്ടാർപോകുംവഴിയിൽമുനനാഞ്ഞത-
പൂണ്ടാരരണ്യാമധുപാനത്തിന
തെണ്ടിനടക്കുംവണ്ടുകൾസപദിമു-
രണ്ടുസുമങ്ങളിലനൊട്ടമണ്ടി-
ക്കൊണ്ടുകളിച്ചുംകയിലുംകേകികൾ
കണ്ണൊവിഫലീനംക്ഷുകിരസിച്ചും
പൂങ്ങുതളിർത്തുലസിക്കുംശാഖിക-
ളൊത്തിടതിങ്ങിമനോഹരമായി
കീൎത്തിപെരുത്തൊരിളംകൊരോററട-
നത്തമൊഴിഞ്ഞാടീട്ടുംവള്ളികൾ
ചുററിപ്പുററിവിളങ്ങുന്നുപുന-
രോററംകളുകമവൎക്കവളൎത്തി
ശാന്തമതായവനാന്തംകണ്ടതി-
ശാന്തനതായൊരുഭൂതമനപ്പോൾ
സ്വാന്തരസത്തൊടുമുനിയോടനൊട്ടു-
ഒന്തമരശേഷംചോദ്യംചെയ്തു
ആരുവസിക്കുംവനമാണിതുഹേ!
ഘോരമൃഗങ്ങളുമില്ലവിശേഷം
ആരെയുമില്ലിവിടത്തിൽകാണ്മാൻ
നേരുരചെയ്യുമുനേ!മടിയാതെ
ഉത്തരമതുംരാഘവനോട-
ഞ്ഞുത്തരമരുളിച്ചെയ്തുമുനീന്ദ്രൻ

പണ്ടിഹ ഗൌതമനെന്നൊരു മാമുനി
വണ്ടാർകുഴലിയഹല്യയതെന്നൊരു
തണ്ടാർമിഴിയൊടു കൂടിനിതാന്തം
കണ്ണാവിഹീനം വാഴുന്നളവിൽ
കണ്ടാലധികമനോഹരിയാകിയ
കൊണ്ടൽകുഴലിയഹല്യയെയിന്ദ്രൻ
കണ്ടു കൊതിച്ചു കൊതിച്ചു പുണരാൻ
ശണ്ഠാരൻ തരവും നോക്കി-
ക്കൊണ്ടൊരു ദിവസം പാതിരയാമ്പോ-
ളുണ്ടർകലേശൻ കോഴികരഞ്ഞു
പെൺകൊടിയവനാകുന്നും ചൊല്ലാൻ
ശങ്കയതുണ്ടോ വങ്കന്മാരവർ
തെല്ലു വെളുത്തതു പെണ്ണെന്നു കണ്ടാൽ
ചൊല്ലും പിന്നെയിളിച്ചും കൊണ്ടു ച
നല്ലവിശേഷം ചൊല്ലി രസിപ്പി-
ച്ചുല്ലാസേന വശത്തു വരുത്തും
തന്നുടെ കാര്യം സിദ്ധിച്ചെന്നാൽ
പിന്നെയൊരേടവുമവനെക്കാണാ
ഇത്തരമുള്ളോരു കൂട്ടക്കാരതി-
ലുത്തമനാകിയ ദേവാധിപനൻ-
നത്തലൊഴിഞ്ഞുടൻ കോഴികരഞ്ഞു
സത്തൻ ഗൌതമമാമുനി കേട്ടു

ഉത്ഥാനാദ്യചയ്യങ്ങളകലിപ്പാ-
നത്യന്തസാഹസമേതംപോയി
താടിക്കാരൻപോയൊരുനേരം
മോടിപെരുത്തൊരുവൃത്രാരാതിയു-
മോടിയടുത്തിതുലാക്കകംനോക്കി-
ക്കോടക്കാറണിവേണിസമീപേ
മൂത്തുനരച്ചൊരുകിഴവൻമാമുനി-
യൊത്തുരമിച്ചുമുഷിഞ്ഞൊരഹല്യയു-
മത്യാന്തത്തിലൊടെത്തിയൊരവനെ-
ച്ചേർത്തുപുണർന്നുകുതൂഹലമോടെ
ത്തുത്തിരമിപ്പിച്ചങ്ങനെകളി
സഞ്ചരമാടിസ്സമയംപോയതു-
മോർത്തീടാതവർവാഴുന്നളവിൽ
തീർത്ഥമുണർന്നിലെന്നതുമൂലം
ക്രുദ്ധാത്മാവാംമാമുനിതിരിയെ-
ച്ചീർത്തരുഷാപുനരോടിയണഞ്ഞു
അദ്ദേഹത്തെക്കണ്ടുഭയപ്പെ-
ട്ടധൃതനാകിയദേവേശ്വരനും
ഓടിപ്പോവാൻഭാവിച്ചളവിൽ
പാടെയടുത്തുശപിച്ചുമുനീന്ദ്രൻ
പെണ്ണിൽപെരികെകൊതിപൂണ്ടനടക്കം
പെണ്ണാ! നിൽക്കസഹസ്രംഭഗമതു

നിൎണ്ണയമങ്ങുനിനക്കുളവാകും
വിണ്ണവൎന്നായക! പോകെന്നേവം
ശാപംനൽകിച്ചെല്ലുന്നളവിൽ
വേപഥുപൂണ്ടഥനിൽക്കുംതന്നുടെ
ഭാമിനിയെക്കണ്ടേവടിനിന്നുടെ
കേമത്താനന്നന്നുരചെയ്തു
കല്ലായിട്ടുകരഞ്ഞുകിടക്കുക-
ഹല്യേ! നീയിവിടെച്ചിരകാലം
കല്യാണാംബുധിരാമൻതിരുവടി
മെല്ലെസ്സുന്ദരി! യെന്നുചവിട്ടും
അന്നാൾനിന്നുടെരൂപമെടുത്തി-
ട്ടെന്നോടുചേൎന്നിടെന്നുരച്ചു
കാമാചാരംകൊണ്ടുവരുന്നൊരു
കോമളിതാപാശിവശിവകഷ്ടം
ഇന്നിഹകല്ലായിട്ടുമഹല്യ-
യ്ക്കിന്ദിരതൻപതിയായിട്ടിനി
നന്നായ്നൽകുകമോക്ഷമതെന്നായ്
നന്ദ്യാകൌശികനരുളിച്ചെയ്തു
പെട്ടെന്നവിടെക്കാണിച്ചുള്ളോരു
നിഷ്ഠുരമായശിലാപൃഷ്ഠത്തിൽ
വിഷ്ടപനാഥൻപാദംകൊണ്ടുച-
വിട്ടിയനേരമുണൎന്നാരഹല്യയു-

മോദംസന്തോഷേണപുക്കു-
ഇഷ്ട്യാപതിയെയണഞ്ഞുജവേന
തൽക്ഷണമവരവിടുന്നുതിരിച്ചു
സാക്ഷാൽജനകൻവാഴുംമിഥില-
ക്കുക്ഷീണപ്രശമംതേടീടുന്നവ-
രക്ഷണമങ്ങുഗമിച്ചുരസേന
ഗോപുരസീമനിചെന്നോരുനേരം
ഗോപുരപാലകർചെന്നറിയിച്ചു
ഭൂപൻജനകൻമന്ത്രികളോടും
താപവിഹീനാചെന്നെതിരേറ
കൗശികാത്മജനാംമുനിയൊടുകൂടെ-
ശ്ശശിമുഖനാകിയരാമൻതന്നെ
കനിവൊടുപൂജിച്ചുന്നതമാകിയ
മണിപീഠങ്ങളിലമ്പൊടിരുത്തി
മുനിയൊടുജനകമഹീശനിവണ്ണം
കനിവൊടുചോദിച്ചിതുവൃത്താന്തം.

മോഹനം-മുറിയടന്ത.

(പല്ലവി)

കാരുണ്യസാഗര!ധീമൻ!മുനി-
വര്യ!നമോസ്തുമഹാത്മൻ

(അനുപല്ലവി)

വീരന്മാരാമിവരാരു ചൊൽക
നേരറിവാനാഗ്രഹമേ

(ചരണങ്ങൾ)

നാരായണനരന്മാരോ പാർത്താൽ
വീരരസങ്ങളൂറുന്നു
മാരന്റെമൂർത്തിയുഗളമോ ചാരു
സൂര്യസോമന്മാരോ ചൊൽക (കാരുണ്യസാഗര)
അഷ്ടവസുക്കളിൽപ്പെട്ടവരോ
ശ്രേഷ്ഠരാം നാസത്യന്മാരോ
അഷ്ടദിക്പാലകന്മാരിൽരണ്ടാളോ
വിഷ്ടപത്തിൽ ചരിപ്പോരോ (കാരുണ്യസാഗര)
നേത്രസാഫല്യമേവന്നതിപ്പോ-
ളിക്കുമാരകന്മാരെ
ചിത്തകുതൂഹലമോടുകാണ്മാ-
നൊത്തിങ്ങു കണ്ടതുമൂലം (കാരുണ്യസാഗര)
എന്തൊന്നു ചിന്തിച്ചു നിങ്ങളിപ്പോൾ
സന്തോഷാലിങ്ങാഗമിച്ചു
നിന്തിരുമേനി കനിഞ്ഞു ചൊൽക
സന്തതം തേ നമസ്കാരം (കാരുണ്യസാഗര)

ജനകനൃപവചനമിതുകേട്ടുതുഷ്ടാശയൻ
സാനന്ദമുത്തരം ചൊന്നാൻമുനീശ്വരൻ

അറികമനുകുലതിലകനാമയോദ്ധ്യാധിപൻ
വീരൻദശരഥൻവിശ്വൈകവീൎയ്യവാൻ
നിരവധികഗുണമിയലുമാമഹാൻപാരിടം
പാരാതെകാത്തുവാഴുന്നപുണ്യാശയൻ
അവനുടയരമണികളതായിട്ടുമൂന്നുപേ-
രുണ്ടുകൌസല്യകൈകേയിസുമിത്രമാർ
നൃപതിവരനവരിലൊരുസന്തതിയില്ലാഞ്ഞു
താപമോടങ്ങൃശ്യശൃംഗനെസ്സാദരം
പരിചിനൊടുനികടമതിലാനയിപ്പിച്ചുടൻ
പുത്രകാമേഷ്ടിയെച്ചെയ്യിച്ചുസത്വരം
അതുപൊഴുതുഹോമനനതിൽനിന്നൊരുത്തൻമഹാ
ഖ്യാതിതേടുന്നപാൽപ്പായസത്തോടുടൻ [സം
മതിതെളിവൊടവിടെയഥപൊങ്ങിതൽപ്പായ
നീതിമാനാംനൃപശ്രേഷ്ഠനന്നൽകിനാൻ
അതിനെനിജരമണിമണിമാൎക്കേകിനാൻനൃപൻ
ആതങ്കഹീനമങ്ങാസ്വദിച്ചീടുവാൻ
കളമൊഴികളവരുമതുഭക്ഷിച്ചനന്തരം
കേളിയേറുംമട്ടുഗൎഭംപൂണ്ടുതേ
അവരുടയസുതരിലിവനാദ്യൻമനോഹരൻ
ദേവേന്ദ്രസന്നിഭൻകൌസല്യതൻസുതൻ
തരുണതരതരണിയുടെകാന്തികോലുന്നവൻ
ശ്രീരാമനെന്നപേർപൂണ്ടവൻകോമളൻ

ഇവനനുജനഥ ഭരതനായവൻ കൈകേയി-
യാവിൎമ്മുദാ പെററ കററമററല്ലവൻ
കമലമുഖിനികരമണിയാകുംസുമിത്രക്കു
സീമന്തപുത്രനാണിന്നിവൻ ലക്ഷ്മണൻ
ഇവനൊടൊത്തസഹജനഥ ജാതനായ് ശത്രുഘ്ന-
രീവിശ്വമോഹനന്മാരിവർ നാൽവരും
അവരിലിവരിരുവരെയുമിങ്ങു യജ്ഞത്തിന്റെ
സത്ത്രരക്ഷക്കു ഞാൻ കൊണ്ടുപോന്നീടിനേൻ
തവമംഗലവുമഖിലജഗദീശന്റെ ചാപവും
നിൎവ്വിശങ്കം കണ്മതിന്നുള്ളൊരാശയാൽ
ഇഹസപദി നൃപതിവര! വന്നെന്നു തേറ നീ
മോഹമില്ലൊന്നിലും മാമുനീശ്വര!
പരിണയവുമിവർക്കിതുവരെ ചെയ്തിട്ടുമില്ലകേൾ
നേരോടെ സാധിക്കിലായത്നം ചെയ്തിടാം.

ഇത്തരമരുളിച്ചെയ്തു മുനീന്ദ്രൻ
പൃത്ഥ്വീശ്വരനൊടുദന്തമശേഷം
വൃത്താന്തങ്ങൾ ധരിച്ചൊരനന്തര-
മുത്തരമേവം മിഥിലേശ്വരനും
പാൎത്തുരചെയ്തു മുനീശ്വര! മാമക-
ചിത്തത്തിന്നിതു കുതുകം തന്നെ
വത്സരൂപന്മാരിവിടെക്കെത്തി

കളിയല്ലേബതവില്ലുമുറിപ്പാൻ
കഴിവില്ലാഞ്ഞഥതാരവമുഷിഞ്ഞൊ-
കഷ്ടതകളൊക്കെയൊഴിച്ചുശമിച്ചു
അത്രമഹത്വമെഴുന്നൊരുചാപം
തത്രഭവാനാക്കിഹകണ്ടീടാ-
നത്രവരത്താംവില്ലുമുറിക്കകി-
ലത്യത്ഭുതോത്സവമെന്നേവേണ്ടു
ധരണീതനയല്ലൊരത്താതകോമള
തരുണനിവൻശ്രീരാമൻവിമലൻ
പരിചൊടുകന്യയെവേളികഴിച്ചാ-
ലുത്സുഖമിന്നുനമുക്കുളവാകും
വില്ലുമുറിപ്പാൻശപഥംമുന്നേ
കല്പിതമായാടിതചെയ്യില്ലെങ്കിൽ
തെല്ലുംമടിയാതിന്നിവനായി
കല്യാണാംഗിയെയങ്ങുകൊടുപ്പാൻ
ഇല്ലൊരുസംശയമെന്തിന്നായതു
ചൊല്ലുന്നിനിഞാൻസാദ്ധ്യമതില്ല
ഇത്ഥംപലതുംമുനിയോടുനൃപൻ
ചിത്തരസേനപറഞ്ഞഥതന്നുടെ
സത്തമരാകിയമന്ത്രികളോടായ്
മൃത്യുഞ്ജയനുടെവില്ലുവരുത്താൻ
കല്പനയാകിയസമയത്തിവിടെ

കെല്പേറാംഭടരൊത്തുനിരന്നു
എട്ടുരുളുളെളാരുവണ്ടിയിലേററി
കഷ്ടപ്പെട്ടുവിയൎത്തുധനുസ്സും
പുഷ്ടമുദാപൃഥ്വീശാംഗണമതി-
ലിഷ്ടാപോലവരങ്ങുനയിച്ചു
കാണികളിൽചിലരപ്പൊഴ്വിടെ
പാണികളാൽക്കുപ്പിട്ടുശിവശിവയെന്നായ്
ഇത്രപെരുപ്പക്കാരൻവില്ലിതു
ചിത്രാകലയേററാനവനാമൊ
അത്രമഹാഘോരായൊരുനൃപതിക-
ളാൎത്തിയൊടങ്ങുതിരിച്ചേയുളളു
പെണ്ണിൽകൊതിപൂണ്ടയ്യോശിവശിവ
പൊണ്ണനിതിന്നുതുനിഞ്ഞതുകഷ്ടം
കൊമ്പനുസാധിക്കാത്തതുപാൎക്കിലല-
റമ്പിനുസാദ്ധ്യമതെന്നാരുമൊ
മീശമുളച്ചാതേറംചെറിയൊരു
മോശക്കാരനിവൻബതസാഹസ-
മയ്യയ്യൊതുടരുന്നതുപാൎത്താൽ
കയ്യുംകാലുമൊടിവാൻകൊളളാം
പല്ലിൽചിലതുകൊഴിഞ്ഞുംപോയ്പുന-
രെല്ലൊടിഞ്ഞൊരുവടിയുംകുത്തി-
ക്കൊണ്ടൊരുബപ്പിയതായിപ്പോവതു

കണ്ടുചിരിക്കാതെല്ലാവർക്കും
ഹേ!ഹേ!നിങ്ങടെപരിഹാസംമതി
മോഹനഗാത്രനിവന്‍ ബഹുധീരൻ
മോഹമകന്നിതുസാധിച്ചേക്കാം
സാഹസമിങ്ങിനെചൊല്ലുകതാതും
സൂര്യസുധാകരതുല്യന്മാരിവ-
രാര്യന്മാരാണില്ലവിവാദം
സൂര്യകുലോത്ഭവരാണിതുമൂലം
കാര്യംപാറിടുന്നവരമ
കാണാൻപോകുന്നതുചോദിപ്പാൻ
പോണതുമോശമിതിപ്പോളറിയാം
ഏറാംബഹുവിധമവിടെക്കശപിശ-
യാവിർഭൂതമതായിപരക്കെ
അപ്പോൾകൗശികതനുജനതാംമുനി-
യുൾപ്രേമത്തൊടുരാമനൊടോചേ
കണ്ടാലുംശശിശേഖരചാപം
നീണ്ടുതടിച്ചിരുഭുജസദൃശം
കണ്ണാവിഹീനമതങ്ങുമുറിച്ചാൽ
വണ്ടാർകുഴലിയെവേളികഴിക്കാം
ഉണ്ടാകേണ്ടമനോവ്യഥനിതരാ-
മുണ്ടായിട്ടുംമംഗലമേറാം
ഇത്തരമരുളിയനുഗ്രഹമേകി-

ട്ടത്തമനാംമുനിവാഴ്ചന്നേരം
സത്വരമഖിലാനുഗ്രഹമൊടെഴു-
ന്നേറ്റരഘൂത്തമനതിധീരൻ
കൌശികമാമുനിതൻചരണങ്ങളി-
ലാശുനമസ്കാരംചെയ്തുടനെ
സഭയെയുമൊന്നുവണങ്ങിസ്സത്വര-
മിളകിച്ചെന്നുകനകമനോജ്ഞൻ
ചാപത്തിന്നുവലംവെച്ചജിതൻ
താപംവിട്ടുസുമങ്ങളുമർപ്പി-
ച്ചാമോദാൽഗ്ഗുരുവരനെനിനച്ചഥ
കോമളകരതാർകൊണ്ടുധനുസ്സു
കാമംപോലെയെടുത്തുകുമാരൻ
സാമോദംകുലയേറ്റിനിതാന്തം.

(ശ്ലോകം.)

ശ്രീരാമൻശ്രീമനാളൻശ്രിതജനസകലാ-
ഭീഷ്ടദൻപുഷ്ടമോദം
ശ്രീരാജിക്കുംകരംകൊണ്ടചലതമവിടെ-
കണ്ടുനില്ക്കുന്നശേഷായാം
ശ്രീമത്താമിക്ഷുചണ്ഡാകൃതികളുമെട്ടു-
ത്തങ്ങാടിക്കുന്നവണ്ണം
ശ്രീരാജത്സോമചൂഡപ്രഭുവിനുടെമഹ-
ച്ചാപമാരാൽമുറിച്ചാൻ.

അത്യുഗ്രാരവമോടു വെട്ടിടുമിടി-
ക്കൊത്തൊരാറവും ഘോരമായ്
മുത്ത്യാശ്ചര്യവിനമ്രവില്ലുമുറി-
ഞ്ഞുള്ളാരവം കേൾക്കയാൽ
അത്യാനന്ദമൊടും മയൂരിയതുപോ-
ലസന്തുഷ്ടയായ് സീതയു-
മത്യന്തം ഭയമോടു ഭൂപതികളും പോ-
നിന്നട്ടുഴന്നീടിനാർ.

കല്പകവൃക്ഷപ്പൂമലർപ്പൂപ്പോ-
ളത്രനിവാസികളാശു ചൊരിഞ്ഞു
മന്ദതരം തിമിലിനാദമവിടെ
ദുന്ദുഭിഘോഷവുമങ്ങുമുഴങ്ങി
തൌര്യത്രികമൊടുമംഗലമായ് സൌ-
ന്ദര്യം ചേരുന്നൊരു ദേവാംഗനമാർ
വീഷ്ട്വാംബുധിയാം ശശികലനാഥനെ
ആർദ്രമനസ്സുകൾ സേവതുടങ്ങി
സുരവരനേത്രസഹസ്രം പൊയ്കയി-
ലരവിന്ദങ്ങൾ കണക്കെ വിളങ്ങി
ശംഖനിനാദം ദിക്കിലശേഷം
ശങ്കാവിരഹിതമങ്ങുമുഴങ്ങി
ജയജയശബ്ദം സതതമവിടെ-

ദുഃഖഹീനം സുഖമോടഥ പൊങ്ങി
വിദ്യാധരിമാരവിടത്തിൽ
പെയ്യുംമോദാൽ കളികൾ തുടങ്ങി
പാട്ടും കൊട്ടും വെടി പടഹധ്വനി
നാട്ടിലശേഷം പരിചൊടു പൊങ്ങി
മാളികമുകളിൽ കേറി നിതാന്തം
നാളീകാക്ഷികൾ പാർത്തു തുടങ്ങീ
ജാനകിയെച്ചമയിപ്പാനായ് ബത
മാനിനിമണികളൊരുങ്ങിത്തുടങ്ങീ
ജനകമഹീശപുരമുഖപങ്കജമഹ-
മനിതരകാന്തികലർന്നുവിളങ്ങീ
കൌശികമാമുനിയോടും മുനികല-
മാശിസ്സുകളെയുരച്ചുതുടങ്ങീ
ഇത്തരമവിടെയുള്ളൊരു കോലാഹല-
മതിൽ വെടിഞ്ഞു വളന്നൊരു സമയെ
പൃഥ്വീസുതസ്വയംവരണത്തിന്നായ്
സത്വരമവിടെയടുത്തു വിളങ്ങീ.

കനത്തു കറുത്തു നീണ്ടുമിനുത്ത കുന്തളംമെല്ലെ
മിനുക്കിമുടിഞ്ഞു കെട്ടിക്കണ്ണെക്കിൽ മാലകൾ ചൂടി
കനത്ത കരനിരകളനവധിക്കൂടാതൊതുക്കി
മിനുത്ത ഫാലത്തിൽ പാരം പെരുത്ത കാമാഗ്നി

[ജ്വാല

ജ്വലിക്കുന്നവിധംനന്നായ്ലസിക്കുംകസ്തൂരി
[പ്പൊട്ടു-
ങ്ങിളക്കാത്തകാന്തികാളികളിക്കുംപടിക്കുചേൎത്തു
മിഴിയിൽകാമികൾമനമഴിയുമഞ്ജനംചേൎത്തു
വഴിപോൽവിളങ്ങുംചില്ലിയഴകിൽമെല്ലന്നിള
[ക്കി
വിളങ്ങുംകുണ്ഡലകാന്തിതിളങ്ങുംകവിളുംപാര-
മിളകുന്നനാസാമണിരുചിയുമെത്രമനോജ്ഞം
കഴുത്തിൽതാലിമാലകൾകഴക്കില്ലാതണിഞ്ഞവ
[ൾ
ക്കൊഴുത്തസൌന്ദൎയ്യസാരമെഴുത്തപോൎമുലകളെ
മറച്ചുകങ്കണാദികൾനിറച്ചുകൈകളിൽചേൎത്തു
മിനുത്തപട്ടുകൾഞൊറിഞ്ഞുടുത്തുമേഖലപൂണ്ടു
നടയഭ്യസിപ്പാനായ്പ്പടിവിൽരണ്ടുഹംസങ്ങ-
ളടിയിൽകേണുകൊണ്ടോരോപിടയുംമട്ടിലുച്ച
[ത്തിൽ
കരയുന്നനൂപുരംകാലിൽവിരവോടണിഞ്ഞുപാര-
മരിമയോടൊരുകൂട്ടുപുടവയാൽമൂടിക്കൊണ്ടു്
പെരികെമംഗിയാംവണ്ണംനിരയാൎന്നണിവിളക്കെ
ശരിയായുള്ളന്നങ്ങൾരണ്ടുവരിയായ്മുമ്പിൽപിടിച്ചു
പരിചോടഷ്ടമംഗല്യംപരിതോഷമോടെടുത്തു

സരസംവാണ്ണിലയിട്ടംതങ്ങണികൾപുറമായി
നെടുതായുള്ളശർക്കുട്ടിയുള്ളവടികളേന്തിയകാവൽ
ഉപ്പടയാളിവർഗ്ഗംമുമ്പിൽവടിവിൽവഴികാണിച്ചു
നടയിൽപാടിയാടുന്നനടവാർമണികളോടും
പടഹാദിവാദ്യങ്ങടെകടുതാകുംഘോഷത്തോടും
ഇടകൂടിലങ്ങാരമിടയുംമുഖവുംതാങ്ങി [സീതാ
വടിവിൽകാമൻെറജയക്കൊടിപോൽവിളങ്ങും
തടുത്തനേരത്തുഘോഷംമുഴുത്തുജനങ്ങൾതിക്കി_
യടുത്തുരക്ഷികൾചെന്നടുത്തുനിന്നുംതിക്കും
മുഴുത്തസാമർത്ഥ്യമുള്ളോരിടയ്ക്കുചാടിക്കടന്നു [ണ്ണം
പിഴുക്കാതെതനോക്കിനിന്നപെരുത്തഘോഷമിവ
വരണമാലയുംപൂണ്ടുതങ്ങണാക്കൊണ്ടിയോടെ
ഹരിണാക്ഷിമണിസീതാവരണംചെയ്യുതിനായി
തടുത്തുശ്രീരാമന്മുമ്പിൽമുഴുത്തലജ്ജയോടേററം
കടുത്തകണ്മുനകളാൽതത്തിലൊന്നുവീക്ഷിച്ചു
ഞെളുത്തപൂമേനിയോടുമെടുത്തുപങ്കജാക്ഷൻെറ
കഴുത്തിൽമാലയുംവെച്ചുചെറുത്തേൻമൊഴിയാൾ
[മന്ദം

സുരന്മാർപുഷ്പങ്ങൾവാരിച്ചൊരിഞ്ഞുസുരസ്ത്രീവൃ
ന്ദങ്ങൾപാട്ടുകൾപാടിവരന്മാരൊത്തുടനാടി [ന്ദം
ജയിക്കജയിക്കയെന്നാദരാൽകല്പ്പറയുംവാക്കും
മയക്കംകൂടാതെതാതാപ്പ്യംമുറയ്ക്കുവാദ്യങ്ങളും

മുഴങ്ങീമിഥിലതന്നിൽമയങ്ങീസന്തോഷംകൊണ്ടു
ജനങ്ങളതിവിസ്മയംപറഞ്ഞാലൊടുക്കമില്ല
ഉമയുംവൃഷാങ്കൻതാനുംകമലയുംവിഷ്ണുതാനും
പ്രഭയുംദിവാകരനുംനിശയുംചന്ദ്രനുംതമ്മിൽ
വടിവിൽയോജിച്ചുവണ്ണംമടവാർരത്നമാംസീതാ-
പതിയാംരാമനോടൊത്തങ്ങധികംവിളങ്ങിയ
[ദ്യാൽ

ജനകമഹീന്ദ്രനുസന്തോഷംചൊത
മനതാരിങ്കൽവളൎന്നുവിളങ്ങി
കൌശികനാദിമഹൎഷികളോട-
ങ്ങാദരവോടാലോചനകൾതുടങ്ങി
മന്ത്രിജനങ്ങൾമഹീശപുരസവിധേ
സന്തോഷേനസമേതാതിങ്ങി
ദശരഥഭൂപനമിതാനന്ദം
വിശദംപത്രമെഴുത്തുതുടങ്ങി
ചതുരന്മാരാംദൂതന്മാരെ
ചതുരതയോടുവിളിച്ചുതുടങ്ങി
മടിയില്ലാത്തവരോടിയണഞ്ഞഥ
വടിവിൽനൃപചന്ദ്രനെയങ്ങുവണങ്ങി
വാൎത്തകൾദൂതന്മാരോടുവേഗം
പാൎത്ഥിവവീരനരച്ചുതുടങ്ങി

പത്രാമുദ്രയടിച്ചങ്ങവരുടെ
ഹസ്തതികൽചേൎത്തുതുടങ്ങി
ബന്ധുക്കൾക്കുമൊരാറുപ്രോപകാര
സന്തതികൾക്കുംവേറെയസംഖ്യം
ഭൂപന്മാൎക്കുമെഴുതങ്ങനാവധി
താപവിഹീനമയച്ചുതുടങ്ങി
ദൂതന്മാരവരമിതാനന്ദം
ചാതുരിയോടഥയാത്രതുടങ്ങി
മലയുംതോട്ടുംപുഴയുംവനവും
വലയാതങ്ങുകടന്നുതുടങ്ങി
അത്തൽവെടിഞ്ഞവരന്നൊടയോദ്ധ്യാ-
പത്തനമകലെക്കണ്ടുതുടങ്ങി
അത്യുന്നതമാംഗോപുരജാലവു-
മത്യാനന്ദംകണ്ടുതുടങ്ങി
പട്ടണവാസികൾതങ്ങടെഘോഷം
തുഷ്ടിയൊടങ്ങവർകേട്ടുതുടങ്ങി
ഗോപുരസീമ്നിയടുത്തുതുടങ്ങി
ഗോപുരപാലകർവന്നുതുടങ്ങി
വാൎത്തകൾചിലർചോദിച്ചുതുടങ്ങി
പേൎത്തവവൃത്തമുരച്ചുതുടങ്ങി
പാൎത്ഥിവവരനാംദശരഥനോടവ-
രത്തലൊഴിഞ്ഞറിയിച്ചുതുടങ്ങി

ദൂതരെയരികിൽവരുത്താൻദശരഥ
ഭൂപതിവീരനയച്ചുതുടങ്ങി
ചാരത്തങ്ങവർചെന്നുവണങ്ങി
ചാരുവെഴുത്തുകൊടുത്തുതുടങ്ങി
സാരന്മാരാംമന്ത്രികളങ്ങു
ചേരുംവണ്ണംദശരഥഭൂപനെ
നേരാംവണ്ണംവായിച്ചുമൊട്ടു
നേരെതാനുംകൽപ്പിച്ചുതുടങ്ങി.

എഴുത്ത്.

മിഥിലാധിപനാംജനകനെഴുതിത·
യോദ്ധ്യാധിപനറിയേണ്ടുമവസ്ഥ
കാർത്തികമാസംപത്താംതീയതി
പുത്രൻരാമൻലക്ഷ്മണനോടും
വിശ്വാമിത്രമഹാമുനിയോടും
നിർഗ്ഗകാപുനരിവിടെയെത്തി
എന്നുടെസത്യമറിഞ്ഞതുപോലെ
ഛിന്നതവിട്ടുമഹേശ്വരചാപം
സന്നാഹേനമുറിച്ചതുമൂലം
നന്ദനനാകിയരാഘവനായെൻ-
നന്ദിനിയെസ്സുഖമോടുകൊടുപ്പാൻ
ഇന്നുഭവാനുംമററുള്ളവരും

ഒന്നിച്ചിങ്ങുവരേണമെന്നായ്
നന്ദിയോടങ്ങോട്ടയച്ചീടുന്നു
നന്മയോടിനിമറ്റുള്ളവിശേഷം
തമ്മിൽപ്പറയാമേവമൊക്കത്തു്.

എഴുത്തുകേട്ടുളവുമാനസതാരിൽ
തഴച്ചതോഷമവനീശ്വരനോരം
വിളിച്ചുടനവരെയെല്ലാമുടൻശീഘ്രം
കളിപ്പാനിങ്ങുപരിചോടുപാരാതെ
കുളിത്തമോദമൊട്ടുതേച്ചുകുളിച്ചു
തരത്തിലൻപോടുവസ്ത്രങ്ങൾകഴിച്ചു
എടുത്തുപട്ടുവളമോതിരമെല്ലാം
കൊടുത്തുഭൂമിപതിയാത്രയയച്ചു
അടുത്തുനിന്നോരുസുമന്ത്രരോടെല്ലാം
പടുതമോടുനിരൂപിച്ചുനൃപൻ
ഉരത്തുതൻഗുരുവസിഷ്ഠനെവേഗാ
വരുത്തുവാൻസുമതിമന്ത്രിയോടപ്പോൾ
വസിഷ്ഠനായമുനിവര്യനോടാരാൽ
വിശിഷ്ടമന്ത്രിവരനങ്ങറിയിച്ചു
വശിപ്രവീരതിലകൻമുനിശീഘ്രം
നിശാന്തദേശമതിലെത്തിസശിഷ്യൻ
ശരദ്ധരീസ്മിതനശേഷകലാജ്ഞൻ

സ്മരാന്തകപ്രതിമനായവസിഷ്ഠൻ
വരുന്നനേരമെഴുന്നേററുനൃപൻചെ-
ന്നതിപ്രമോദമെതിരേററുസുഖേന
ഉയർന്നൊരാസനമതിങ്കലിരുത്തി
സ്മയംവെടിഞ്ഞുഗ്ഗുരുപാദസരോജം
നയജ്ഞനാംനൃപനഹോകഴുകിത്തൻ
ശിരസ്സിലങ്ങുധരിച്ചുപുണ്യവാൻ
അനുഗ്രഹിച്ചുമുനിശിഷ്യസമേതം
മനപ്രമോദമൊടുവാണരുളുമ്പോൾ
കനത്തതോഷമൊടുപങ്ക്തിരഥൻതാൻ
മുനീന്ദ്രസത്തമനൊടേവമുണർത്തി.

വന്ദ്യഗുരുവര!തേപദപങ്കജ-
മെന്നിൽകരുണയുളവാകേണം
എന്നുടെതനയൻരാമൻഗുണനിധി
ചെന്നഥകൗശികനോടുംമിഥിലയി-
ലുന്നതമായമഹേശ്വരചാപം
നന്നായ്ജനകൻതൻശപഥപ്പടി
ഖണ്ഡിച്ചതുകൊണ്ടിളതൻസുതയെ
കല്യാണംചെയ്യുവനുകൊടുപ്പാൻ
എന്നൊടുവേഗംചെൽവാൻജനകൻ
തന്നുടെതീട്ടുണ്ടെന്നറിയേണം
എന്തിനിവേണ്ടതുനിന്തിരുവടിതൻ

ചിന്തിതമെന്തെന്നതും ചൊല്ലണം
എല്ലാം കല്പനപോലെ നടപ്പാ-
നില്ലൊട്ടും മടി മാമുനിമൌലേ
പങ്ക്തിസ്യന്ദനവാക്യമിവണ്ണം
ചന്തമൊടിങ്ങിനെ കേട്ടു മുനീന്ദ്രൻ
സന്തോഷാശ്രു പൊഴിഞ്ഞു നൃപാലനൊ-
ടന്തർമ്മോദമൊടരുളിച്ചെയ്തു
പാർത്ഥിവവീര! ഭവാനറചെയ്യൊരു
വാർത്തകളേറ്റം സന്തോഷമമ
ചേർത്തീടുന്നിതു ഞാനിവയഖിലം
പാർത്തു വസിച്ചേൻ ക്ഷത്രിയമൌലേ!
ഒട്ടും താമസമതിനിയിതിനായ്
വട്ടം കൂട്ടി ഗമിക്കുക വേഗം
സന്നാഹേന സമേതം മിഥിലയി-
ലന്യൂനാദരമൊടെത്തി നൃപേശ്വര-
പുത്രിയെ രാമനു വേളി കഴിപ്പി-
ച്ചുത്സാഹമൊടിങ്ങു ഗമിപ്പാൻ
പാർത്താൽ സംഗതി വരുമെന്നറിയുക
പാർത്ഥിവകുലമണിദീപ! നിതാന്തം
നാളെസ്സൂര്യനുദിക്കുന്നളവതി-
മേളത്തോടു നമുക്കു ഗമിക്കാം
വേണ്ടുന്നുപകരണങ്ങളശേഷം

വേണ്ടവിധംപുനരിന്നേതന്നെ
ചട്ടംകെട്ടിക്കാലത്തങ്ങു പു-
റപ്പെട്ടീടാൻതെയ്യാറായി
ക്കൂട്ടക്കാരിന്നിവിടെത്തന്നെ
പാർത്തിടട്ടെരാജന്മാപുത്ര!
മന്ത്രിക്കൾ നാല്പുനരേകക
ചിന്താരഹിതന്മാരാകകശേഷം
സന്ധ്യാസമയമടുത്തിതുതാനിനി
സന്ധ്യാവന്ദനമതിനിഹശീഘ്രം
സ്നാനാദ്യനുഗമിച്ചീടുന്നേൻ
സന്തതമസ്തുനൃപാധിപ! ഭദ്രം
ഇത്ഥമുരച്ചുവസിഷ്ഠമഹാമുനി
ചിത്തകുതൂഹലമോടെഴുന്നള്ളി
പൃഥ്വീവരനുംമന്ത്രിയൊടപ്പോ-
ഴത്യാനന്ദമൊടകളിച്ചേഷ്ട
മിഥിലാപുരമതിനന്നൊടുനാളെ-
ക്കൗതുകമൊടുംപുലരുന്നൊരുസമയം
പരിചൊടുപോകണമതിനായിവിടെ
സരസതരംവേണ്ടുന്നവയഖിലം
തരമൊടുതെയ്യാറാക്കുകനമ്മുടെ
വിരുതന്മാരാംസേനാപതികളു-
മവരുടെചതുരംഗപ്പടയോടും

വിവിധഗജാശ്വരഥങ്ങളുമെന്നാ-
ല്ലനവധിവാദ്യങ്ങളൊടുംപോവാ-
നനിശമൊരുങ്ങിപ്പാർത്തീടേണം
ഇനിവേണ്ടുന്നവസകലവുമിവിടെ-
ക്കനിവൊടൊരുക്കിവസിക്കഭവാനും
ശ്രമണപാലനമേവമുരച്ചുട-
നാമോദത്തൊടുസന്ധ്യാവന്ദന-
മാശുകഴിപ്പാൻപരിവാരത്തൊടു
ഭാസുരഭാവൻപുനരെഴുന്നള്ളി.

അതുസമയമഖിലജഗദീശ്വരൻഭാസ്കരൻ
ആതങ്കഹാരിലോകാന്ധകാരാപഹൻ
അതുലതരസുഷമയൊടുപശ്ചിമാംഭോധിയിൽ
ചേതോവിമോഹനൻചെന്നുമുങ്ങീടിനാൻ
കനകരുചിവിലസുമൊരുതൽപ്രഭാപുഞ്ജങ്ങ-
ളനഹീനാകകപ് ചക്രവാളങ്ങളിൽ
തദനുഭൃശമരുണരുചിചേർത്തുവൃക്ഷാദിയും
മോദമോടങ്ങുശോഭിച്ചുമനോഹരം
ജലജതതിസപദിബതനിദ്രയെപ്രാപിച്ചു
രോലംബജാലങ്ങൾകേണിതപ്പോളുച്ചാ
കിളികൾനിജനിലയനവുമോർത്തുകൂകിക്കൊണ്ടു
കേളിയുംവിട്ടുവൃക്ഷങ്ങളേറീടിനാർ

കിളിമൊഴികൾ തെളിവിനൊടുമേൽക്കഴുകിക്കൊ
കേളിസൗധങ്ങളിൽ കേറിയത്യാദരം [ണ്ടു
അതിരുചിരവസനഗണമമ്പോടുടുത്തുടൻ
കേശവും ധൂപിച്ചണിഞ്ഞു വിഭൂഷണം
കണവരുടെ ഗതിയുമഥ നോക്കിനോക്കിക്കൊണ്ടു
വാണുതുടങ്ങി ഗവാക്ഷജാലങ്ങളിൽ
ജനതതിയുമവിടവിടെയങ്ങൊതുങ്ങീ വ്യാജ-
ഹീനം പ്രകാശിച്ചു നക്ഷത്രവൃന്ദവും
നിഖിലജനനയനഗതിമഞ്ജനമായിരു-
ട്ടാകെ ലോകങ്ങളിൽ തിങ്ങീ ഭയങ്കരം
ലളിതതരരുചി സപദി കാളുന്ന ദീപങ്ങൾ
കാളിത്തുടങ്ങി ഗൃഹങ്ങളിൽ സത്വരം
അപ്പൊഴുതിലതിധവളനാള്ളീശകേററവും
ചേതോവിമോഹനൻ രാകാനിശാകരൻ
കുമുദനിരവിരവൊടു വിടർത്തും യുവാക്കൾക്കു
കാമസന്താപം വളർത്തും മനോഹരൻ
മനസി ബത കമനിമണിമാർക്കു വർദ്ധിച്ചൊരാ-
മാനം കുറയ്ക്കും കരം പരത്തുന്നവൻ
തെളിവിനൊടു ദിശി വിശദചന്ദ്രികാജാലങ്ങൾ
ചാലെ വളർത്തി ധാവള്യമേകുന്നവൻ
കരകളിലുപുറവുമഥ തള്ളിയോളങ്ങളാൽ
വാരാന്നിധിയെ വളർത്തും സുധാകരൻ

നിജകണവവിരഹമതുപാൎത്തുകോകങ്ങളെ
ശോകാകുലങ്ങളാക്കുന്നദോഷാകരൻ
മനതളിരിനധികഭയമേകുംതമസ്സേപ്പൂണ്ണ-
മാനന്ദമോടശിക്കുന്നപുണ്യാശയൻ
രജനിനൃപപതിയുടെസിതാതപവാരണം
പോലെതെളിഞ്ഞങ്ങുദിച്ചുയൎന്നീടിനാൻ
ജനനയനതതിയിലമൃതംചൊരിഞ്ഞീടുന്നൊ-
രാനന്ദസിന്ധുവെക്കണ്ടുതോഷാന്വിതം
ജനനിവഹപതിയുടെയശാസനാൽമന്ത്രിമാർ
ചൊന്നവണ്ണംവേണ്ടതൊക്കെയുംരാത്രിയിൽ
കനിവിനൊടുനിഖിലജനമയോദ്ധ്യാധിവാസി
ആനന്ദമോടങ്ങൊരുക്കിസ്സരസതരം [കൾ
ദിനപതിയുമഴകിനൊടുദിക്കുന്നതുംപാൎത്തു
ദീനതയെന്യേവസിച്ചുകുതൂഹലാൽ
നിശയുമഥപരിചൊടുകഴിഞ്ഞതങ്ങൊട്ടുമ-
ങ്ങാശയംതന്നിലറിഞ്ഞില്ലഹോജനം.

അന്നേരമങ്ങുദയമഹീധര-
മൊന്നുചുവന്നുചമഞ്ഞുതുടങ്ങി
മന്ദിക്കാതഥപൂങ്കോഴികളും
മന്ദംകൂകീടുന്നുഴറി
പക്ഷിസമൂഹംശിക്ഷയിലാരാ-

ലക്ഷണമങ്ങുകരഞ്ഞുതുടങ്ങി
മന്ദംമന്ദംഉദയസമീരൻ
സന്ധ്യാവീശൽതുടങ്ങിസുഖേന
വിപ്രർകളിച്ചുംജപഹോമാദിക-
ളുംപ്രേമത്തോടുചെയ്തുതുടങ്ങി.
കമനികൾതന്നധരോഷ്ഠങ്ങളെയഥ
കമിതാക്കന്മാർവിട്ടുതുടങ്ങി
വരകോകകളെച്ചേർത്തുപുണർന്നവർ
ശങ്കയൊടുംഭവനങ്ങളിലവർപെ-
ട്ടെങ്ങുംപുനരടനികളുംനോക്കി-
പ്പങ്ങിയൊതുങ്ങിപ്പോകതുടങ്ങി
കണവന്മാരെത്തേടിനടക്കും
പ്രണയിനിമാർചിലർപോകുന്നുക-
ണ്ടതിമോദാൽചിലവികൃതികൾപിമ്പേ
ചതിയായ്ക്കുടിയിലിച്ചുതുടങ്ങി
കാക്കകളുപ്പോൾഘനതരമായി
ക്കൂക്കിക്കൊണ്ടുപറന്നുതുടങ്ങി
ഉഡുപതിപശ്ചിമവാരിധിനടുവേ
പട്ടതയൊടണവാൻപാഞ്ഞുതുടങ്ങി
ഇരുളുകൾപോയിവെളിച്ചപ്പെട്ടഥ
തരസാകണ്ണുകൾകണ്ടുതുടങ്ങി
ഉഡുനികരങ്ങൾമറഞ്ഞുതുടങ്ങി

പടിയിൽജനങ്ങളണന്നുതുടങ്ങീ
അമ്പലമതിൽനിന്നിവിടെശ്ശംഖി-
ന്നാരവംധ്വനികേട്ടുതുടങ്ങീ
തരുണാരുണരുചികൊണ്ടുദിഗന്തം
തരസാപാടലമായിവിളങ്ങി
മഹനീയപ്രഭവിലസുംവണ്ണം
മിഹിരനമന്ദൊട്ടുദിച്ചുവിളങ്ങി
പൃഥിവീപതിവരശയനഗൃഹാന്തേ
സ്തുതിപാഠാദികൾകേട്ടുതുടങ്ങീ
കതിനകളുംവെടിപൊട്ടിസ്സന്ത-
നതിമോദത്തൊട്ടുണർന്നുതുടങ്ങി
യാത്രക്കുള്ളോരൊരുക്കാനായി
തത്രജനങ്ങൾനിറഞ്ഞുതുടങ്ങീ
അംഗിരയോടങ്ങുവസിഷ്ഠമഹാമുനി
ശ്രീഗൌതമസഹമണഞ്ഞുതുടങ്ങി
കൊട്ടാരവെടിയുംകേട്ടുതുടങ്ങി
ഉള്ളിജനത്തിനവാച്ചുതുടങ്ങി
വിപ്രന്മാരുംക്ഷത്രിയവൈശ്യ-
ശൂദ്രാദികളുംവന്നുതുടങ്ങി
പട്ടാളങ്ങൾകുതുഹലസഹിതം
പെട്ടെന്നവിടെനിറഞ്ഞുതുടങ്ങീ
ആനകൾതേർകുതിരപ്പടയെന്നിവ

മാനംവിട്ടനിന്നെല്ലുടങ്ങി
മന്ത്രിസംഗൃഹംപലകാര്യങ്ങളെ
മന്ത്രിച്ചുങ്ങനടന്നുതുടങ്ങി
ശേരഥഭൂപനയാനാചെയ്യാൻ
ശേശതസൂർയ്യപ്രഭതെട്ടന്നൊരു
വിശമേഹാരഥമവിടെസ്സുതൻ
ഭൂശേമണിയിച്ചനിതാന്തമൊരുങ്ങി.

സപദിനൃപവുംശേവൻസ്നാനാശനാദിയും
വിപുലതരകീർത്തിമാൻചെയ്തുസന്തുഷ്ടനായ്
ഗുരുവരനതാകംവസിഷ്ഠനോട്ടംതദാ
സരസമുനിമുഖ്യരോട്ടംചേർന്നപുണ്യവാൻ
ഭരതനഥശത്രുഘ്നനെന്നതൻപുത്രരാം
ഭരണനിപുണനാരുമൊത്തുകൊണ്ടാസ്ഥയാ
മനമതിലതിവരാഭത്തോട്ടംസന്തതം
കനകമയമാംതേരിലന്നൊടേറിടിനാൻ
കടതഴകളുംനല്ലാരാലവട്ടങ്ങളും
വടിവിൽവിലസീടുന്നവെൺചാമരങ്ങളും
പരിചൊടിളകുംകൊടിക്കൂറയുംഭംഗിയിൽ
തരമൊടുപിടിപ്പിച്ചുവിശൈപകവീഴ്ച്ചവാൻ
പടുപടഹഢിണ്ഡിമംമദ്ദളംതൃഝംകം
പടുതരരവംചേർന്നഭേരിയുംസാദരം

പട്ടതരയൊടടിപ്പിച്ചുവണ്ണ വീണാദിയും
കുഴലുമഥകാഹളശംഖങ്ങളെന്നിവ
അഴകൊടുവിളിപ്പിച്ചുവന്ദിവൃന്ദംമുദാ
വഴിയൊടുപുകഴ്ത്തീടുംവാനവേന്ദ്രോപമൻ
വെടിവടിവിൽവെപ്പിച്ചുവിശ്രുതംസേനയൊ-
ത്തുടനെമിഥിലാപുരത്തിന്നുത്സുകാശയൻ
തെളിവൊടുപുറപ്പെട്ടുപാരംനിരന്നൊരാ-
ത്തെളിവുകലരുംമന്ത്രിമാരൊടുംവിശ്രുതം
രഥതുരഗദന്തിവാളൂരുക്ഷങ്ങൾഗുൾമാ-
വലികൾമിന്നസ്സപ്പെട്ടമന്നായുധാലികൾ
ചിലവലിയമഞ്ചലെന്നിത്യാദിയിൽതദാ
നലമൊടുകരേറിയോർപിൻഗമിച്ചീടിനാർ
വിരവിലണിയായ്നിരന്നുള്ളപട്ടാളമ-
ങ്ങിരുപുറവുമാറന്തതിങ്ങിഘോഷത്തൊടും
തുരഗഖുരശബ്ദവുംതേരുകൾനാദവും
കരികളുടെശൃംഖലാരാവവുംമേദുരം
മണികളുടെനാദവുംസൈന്യഘോഷങ്ങളും
ളുണ്ണമധികമേറീട്ടുവാദ്യഘോഷങ്ങളും
ശിവശിവവളർന്നിതെങ്ങുംമുഴങ്ങമാ-
റവനിപതിതൻയാത്രയത്യന്തമോഹനാ
ഗിരികൾനദികാനനാരതൊട്ടുംപുഴകളും
പരിചൊടുകടന്നുരാജ്യങ്ങളുംസത്വരം

അരിമയൊടു മൈഥിലൻ വാഴുന്നകാലത്തിന്നാ
അരമനാടിയിട്ടുചെന്നെത്തിജനേശ്വരൻ
ദശരഥനൃപൻവന്നതുകേട്ടുജസാ
ജനകനൃപൻപുറപ്പെട്ടുസംഭ്രമത്തോടും
കനിവൊടെതിരേറ്റുതന്നുടെപുരാന്തരെ
മുനികളോടുമാഗമിപ്പിച്ചുമാന്യാശയൻ
മണികനകപീഠങ്ങൾനൽകിയെല്ലാരെയും
ഗുണനിധിവസിപ്പിച്ചുപൂജിച്ചിതേറവും
കുശലമഥചോദിച്ചുനന്ദിയോടുതഥാ
ഭൃശമഖിലവൃത്തവുംകേൾപ്പിച്ചുമൈഥിലൻ
നൃപതികുലമുഖ്യനായിട്ടുംദശരഥൻ
സപദിജനകോദിതംകേട്ടുസന്തുഷ്ടനായ്
പലകുശലവൃത്തവുംമൈഥിലൻതന്നോടും
കലുഷതവെടിഞ്ഞുചോദിച്ചിരിക്കുംവിധൌ
അടിയിലഥരാമനുംലക്ഷ്മണൻതാനുമ-
ങ്ങതിജവമണഞ്ഞുകുമ്പിട്ടുകൈക്കൂപ്പിനാർ
അവരെവിരവിൽപുണൎന്നാശുചുംബിച്ചുടൻ
നൃവരനഥസന്തോഷബാഷ്പങ്ങൾതൂകിനാൻ
കുശികമുനിയെക്കണ്ടുസന്തുഷ്ടചേതസാ
ദശരഥനൃപൻതാണുകൂപ്പിപാദങ്ങളെ
സുഖമഥഭവിക്കെന്നാശിസ്സുമോതിനാ-
ന്നമലാശയൻമുനിസത്തമൻകൌശികൻ

മഖനിഖിലരക്ഷണംമാരീചമുഖ്യരാ-
മഖിലരജനീചരന്മാരുടെവൃത്തവും
പരിചിനൊടഹല്യക്കുമോക്ഷംകൊടുത്തതാരാ-
ത്സുരസകഥയുംഘോരതാടകാനിഗ്രഹം
പലതുമിവരാഘവൻചെയ്തതത്യാദരം
നലമൊടുപറഞ്ഞുകേൾപ്പിച്ചിതുപിന്നെയും
ഹരിഹരിഭവൽപ്രസാദത്തിൻമഹത്വമി-
ന്നതുപറവാനെന്നുചൊന്നാൻദശരഥൻ
കുലഗുരുവസിഷ്ഠനുംകൗശികൻതാനുമ-
ങ്ങലിവൊടുശതാനന്ദമാമുനിവീരനും
പലമുനികൾപിന്നെയുംചെന്നവർതങ്ങളെ
പലതുമുരചെയ്തുസന്തുഷ്ട്യാവസിക്കവെ
ദിനകരനുമസ്തമിക്കാറായിസന്ധ്യയും
കനിവിനൊടണഞ്ഞിതന്നേരത്തുസർവ്വരും
നിജനിയമകൃത്യങ്ങൾചെയ്തുസന്തുഷ്ടിയോ-
ടജിതചരണാംബുജംധ്യാനിച്ചുരാത്രിയിൽ
സുഖമൊടശനാദിയുംചെയ്തുസംതൃപ്തിയോ-
ടഖിലരുമുറങ്ങിനാർമുഖ്യശയ്യാതലേ.

പിറ്റേദിവസമുഷസ്സിലുണർന്നവ-
രോറംസുഖമൊടുദിനകൃത്യങ്ങളെ
ഏറംമോദമൊടങ്ങുകഴിച്ചുട-

നത്യന്തോത്സുകരായിട്ടുകൂടി
അത്യുന്നതമണിവിഷ്ടരതതിയിൽ
ചിതമൊടസനനിരകളിലിരുന്നു
ആരാൽദശരഥജനകന്മാരുടെ
പാരമ്പൎയ്യക്രമവുംഗോത്രവു-
മാദരവോടുപാധ്യായന്മാ-
രാദിമുതൽക്കനിനച്ചുവിശേഷാൽ
രാമൻഭരതൻലക്ഷ്മണശത്രു-
ഘ്നന്മാരിവരുടെജാതകമെല്ലാം
ഓൎത്തഥസീതയെരാമനുമാശ്രുത-
കീൎത്തിയെഭരതനുമൂൎമ്മിളതന്നെ
ലക്ഷ്മണനുംമാണ്ഡവിയെശ്ശത്രുവി
പക്ഷൻശത്രുഘ്നനുമങ്ങേകാൻ
ഉത്രംനക്ഷത്രത്തിൻനാലാ-
മത്തെപ്പാദംവൃശ്ചികലഗ്നം
അത്യുത്തമമാകുന്നമുഹൂൎത്തം
പ്രത്യേകിച്ചുമുനീന്ദ്രർവിധിച്ചു
ചിത്രമതായിവിതാനിച്ചവിടെ
പുത്തൻമണ്ഡപമൊന്നുചമച്ചു
ദീപാനിരാപരയണിവരവെച്ചഥ
ദീപിപ്പിച്ചിട്ടംമാലകൾതൂക്കി
വേദികചമച്ചുമഹത്തരമാംപടി

വേദോച്ചാരണമോടുഹുതാശനനെ
വേദിയതിൽപ്രതിഷ്ഠിച്ചങ്ങാ-
മോദസമേതംപൂജകഴിച്ചു
രത്നവിനിർമ്മിതമായമഹാസന-
മത്രമനോഹരമാംപടിവെച്ചു
മററുള്ളുപകരണങ്ങളശേഷം
തോരണവിതാനമൊരുക്കിനിതാന്തം
കാറക്കാറണിവേണികളവിടെ
കാറാംവിദ്യുൽകന്യകമാരെ
സത്വരമണിയിച്ചതിമോദത്തോടു
നേത്രരസായനമാരനയിച്ചു.
കമലായതദളലോചനനാമതി-
കമനീയാകൃതികലരുംരാമനെ
തനുജന്മാരൊടുമതിമോഹനനാ-
യണിയിച്ചുത്സവത്തിന്നുസുഖേന
കല്യാണോത്സവമണ്ഡപമദ്ധ്യേ
കല്യാണത്തിനുകോപ്പുകൾപൂർണ്ണമൊരു
കല്യാണാംഗൻരാമനെയമ്പൊടു
കല്യാണാംബുധിജനകമഹീന്ദ്രൻ
കല്യാണിമണിസീതയൊടുംചേർന്ന-
ത്തുല്ലാസേനനയിച്ചുരസേന
ചൊല്ലാർന്നൊരുമണിപീഠത്തിങ്കൽ

മെല്ലെവസിപ്പിച്ചാദരവോടെ
മംഗലഗോദാനാദികൾചെയ്തഥ
മംഗലമാകുന്നാശീൎവ്വചനം
മംഗലചിത്തന്മാരാംഭൂസുരർ
ഭാഗ്യാസനസൃപുരങ്ങളുംസമയെ
എല്ലാവരുമഥരകൾക്കുംവന്നും
ചൊല്ലീടുംജനകൻരാമനൊ-
ടൊന്നുചിരിച്ചുരചെയ്താനെന്നുടെ
നന്ദിനിയാകുന്നിവളെനിനക്കായ്
ഇന്നുവസിഷ്ഠാദികളാംമാമുനി
വൎയ്യന്മാരരുൾചെയ്തതുപോലെ
തന്നീടുന്നേൻഋഷിഗണിസാക്ഷിക-
മെന്നല്ലൂനിനക്കയിമങ്ങാ
എന്നുരചെയ്തുമഹീന്ദ്രൻതന്നുടെ
നന്ദിനിയാളുടെകൈക്കുപിടിച്ചഥ
നന്ദ്യാശ്രീരാമൻറെകരത്തിൽ
കന്നിക്കൈക്കുലകനകൊടുത്തു
ഭാഗ്യാരാമൻതിരുവടിതാനും
മംഗലദേവതയാകുന്നവളെ
സന്തോഷേണവരിച്ചുമനോജ്ഞത
ചിന്തുംനദിയെയപാംപതിപോലെ
ചീൎത്തകുതൂഹലമോടങ്ങാശ്രിത-

കീൎത്തിയെഭരതൻവേളികഴിച്ചു
ഊൎമ്മിളയെത്താൻവേട്ടിതുലക്ഷ്മണ-
നാമാണ്ഡവിയെശ്ശത്രുഘ്നനുമേ
ഇത്തരമവിടെക്കല്യാണോത്സവ-
മത്തൽവെടിഞ്ഞുനടന്നൊരുസമയെ
ചിത്തകുതൂഹലമോടമരന്മാ-
രാൎത്തിവെടിഞ്ഞുസുമങ്ങൾചൊരിഞ്ഞു
ജയജയശബ്ദംസതതമവിടെ-
സ്സദയംപൊങ്ങീജഗത്തുമുഴങ്ങീ
മംഗലവാദ്യധ്വനികളുമാൎപ്പും
സംഗീതത്തിൻധ്വനിയുംപൊങ്ങില
തന്വംഗീമണിമാരിട്ടമാളു-
സുന്ദരനാദവുമവിടെമുഴങ്ങീ
സീതാപരിണയമതിനുടെഘോഷമി-
തോതാൻപണിപണിഫണികുലവരനും.

അതുപൊഴുതുചടുലമിഴിമാരണഞ്ഞാസ്ഥയാ
ചേതോഹരൻരാമചന്ദ്രന്റെസന്നിധൌ
മതിതെളിവൊടവർസപദിതമ്മിലുരംകൊത്തു
സാനുമോദംവട്ടമൊത്തുനിന്നാദരാൽ
തളവളകൾലളിതതരമാടിക്കിലുങ്ങവെ
മേളമോടങ്ങുകൈത്താളങ്ങൾകൊട്ടിയും

ലളിതതരചികുരഭരമമ്പോടഴിഞ്ഞുടൻ
നിളെസ്സുമൌഘങ്ങൾചിന്തിവീണങ്ങുലാം
അതിലളിതമധുരമൊഴിതൂകിയുംമന്ദമാ-
യത്യന്തമോഹനംചില്ലിവില്ലാട്ടിയും
അത്ഭുതകരശശിരുചിവെല്ലുന്നഹാസവും
കാമിനീവൃന്ദംപൊഴിഞ്ഞുമനോഹരം
മലകളൊടുപടസപദിവെട്ടുന്നകൊങ്കകൾ
ചാലവേമന്ദംചലിക്കുമാറങ്ങിനെ
പരഭൃതവധുമൊഴിയൊടടർത്താറൊഴിക്കുന്നൊരാ-
ശ്ലാഘകണ്ഠസ്വരത്തോടുമന്ദതരം
അതിമധുരതരമസിതജലജായതാക്ഷിമാർ
ചിത്തമോദത്തോടുപാടിനാരീവിധം.

ഉശാനി_കണ്ണി.

കല്യാണവാരിധേ!രാമചന്ദ്ര!
മല്ലികബാണസമാനമൂർത്തേ!
ഫുല്ലരദന!ലസൽപൂർണ്ണചന്ദ്രവദന!
ഫുല്ലാംബുജചാരുപ്രഭവെല്ലുംതവനേത്രങ്ങളി-
തൊന്നിവരിൽമേൽവിശപ്പുമൂർത്തേ! ഘോരതാട
[കജിതേ!വിജ്ഞാനവിത്ത
ദുർവ്വാദളശ്യാമചാരുമൂർത്തേ!
ദുർവ്വാരവിക്രമ!സാധുകീർത്തേ!

സൎവ്വാനവദ്യ! മുനിജനചിത്തൈകവേദ്യ!
സൎവ്വാമരപീഡാകരനാകുന്നൊരു മാരീചനെ-
യാരാൽ ജയിച്ചു മഖമതു രക്ഷിച്ചോരു കാരുണ്യ
[മൂൎത്തേ കനിഞ്ഞീടേണം.

കല്ലായിവാഴുമഹല്യതന്നി-
കല്യാണസൌഖ്യംനൽകിയോനേ
ഫുല്ലാരവിന്ദമനോഹരപാദാരവിന്ദ!
ചൊല്ലാൻപണിയൊക്കുമൊ പാഴ്താക്കുംതവമാ
[ഹാത്മ്യമി-
തെങ്ങിനെവൎണ്ണിച്ചു ദാശരഥേ! വിശ്വപാലക!
[പാലയപത്മനാഭ!

ത്ര്യംബകംവില്ലുഖണ്ഡിച്ചുടൻ
മല്ലൽമിഴിയാളാംസീതതന്നെ
മായാവിഹീനംസ്വജനസാക്ഷ്യസഹിതം [ആ
ചാരംപടിപാണിഗ്രഹമാരാലിഹചെയ്തുള്ളോ
ശ്രീരാമ! വിശ്വാഭിരാമ! രിപുകുലഭീമ! സദാപരി
[പാഹിവിഭോ!

ശങ്കരപങ്കജയോനികൾക്കും
നിൻകൃപയാണോൎക്കിലാലംബനം
പങ്കസമൂഹാരഘുവര! നിസ്സന്ദേഹം
വല്ലായ്മകൾതീരുംപടിതീൎത്തിടുകപരമേശാ!

പത്മാലയാവര! പാഹിവിഷ്ണോ! പത്മസംഭവ
[സേവ്യ! നമോസ്തുതുഭ്യം.

തരുണീമണികളിവണ്ണം പലതര-
മരുണാംബുജദളലോചനനാകിയ
നിരുപമഗുണവാരിധിയാം രാമനെ-
യുരുമോദേന പുകഴ്ത്തിനിതാന്തം
പരിചൊട്ടുറത്താം വെച്ചുമയങ്ങി
ഹരിണാക്ഷീമണിമാർ ബഹുവാരം
എന്തിന്നനവധി ചൊല്ലുന്നതു ഞാ-
നന്തർമ്മോദമൊടിങ്ങിനെ ചിലദിന-
മന്നൃപാപവിഹീനാരശ്യപതി
ചിന്താവിരഹിതമവിടെവസിച്ചു
പക്ഷിപ്രവരൻ താനന്നാളൊരുനിശി
സന്തോഷേണ സുമതം ജനകനോ-
ടൊന്നുരചെയ്യുന്നു കിമിഹതാമസ-
മിന്നിനിനില്പാൽ വിഷമം തന്നെ
ദിവസം തെല്ലുകഴിഞ്ഞു ഭവാനാ-
യിവിടെക്കളിചിരിയായിവസിച്ചാൽ
അവിട്ടത്തെക്കഥയെന്താകാനൊരുവൻ-
മവിടെയതില്ലെന്നറിയമല്ലോ
എന്നതുമൂലം നാളെക്കാലേ

തന്നോടെസൈന്യസമേതംപോകാൻ
സമ്മതമാകണമിനിമറ്റൊന്നും
നമ്മോടുശാഠ്യംചൊല്ലീടരുതേ
ഏറെത്താമസമെന്നിയെയിവിടെ-
ച്ചേരുന്നുണ്ടുവാനൊക്കണമാൻ
പൃഥ്വീനായകവാക്കുകളേവം
ചിത്തരസത്തൊടുകേട്ടുജനകൻ
ഉത്തരമിങ്ങിനെചൊല്ലിദ്ദേവാനേ-
ർപ്പാർത്താൽപിരിയാനുണ്ടിഹദുഃഖം
എങ്കിലുമിവിടെയൊരാളില്ലാഞ്ഞാൽ
സങ്കടമാണെന്നുള്ളിലതുമേ-
താമസമന്യേകാണ്മാനിവിടെ
സാമോദേനവരാമെന്നാകിൽ
പോവാമെന്നുപണിപ്പെട്ടിഹതാ-
നാവിർമ്മോദാത്സമ്മതമേകാം
ഇത്തരമോരോന്നുരചെയ്തങ്ങവ-
രൊന്നുശയിച്ചുനിശാന്തത്തിങ്കൽ
ഉത്ഥായോഷസിദിനകൃത്യങ്ങളെ
ചിത്തകുതൂഹലമോടുകഴിച്ചു
ശ്രീരാമാദിസുതന്മാരോടും
ശ്രീമാൻദശരഥഭൂപാലേന്ദ്രൻ
സീതാദികളോടുമൊത്തുപുരത്തിനു

മേദുരരസന്ന്യാസമെതാംപൊവാൻ
ആത്തിരവടിതെഴുവുറപ്പെട്ടപ്പൊ-
ളുത്തമനാംജനകമഹീന്ദ്രൻ
സ്ത്രീധനമായിട്ടനവധിതേരും
കുതിരയുമാനകൾകാലാളുകളും
ദാസികൾദാസന്മാരുംബഹുവിധ-
വാസസ്സുകളുംസ്വൎണ്ണാഭരണം
രത്നവിനിൎമ്മിതഭൂഷണമനവധി
രത്നച്ചാൎത്തിയമെന്നാവുകളും
ഭോഗസ്ത്രീകളുമാകംഗാവുകൾലക്ഷം
മുഖ്യങ്ങളതാംവസ്ത്രതരങ്ങൾ
കാഞ്ചനമയമാംപാത്രംബഹുവിധ-
മഞ്ചാതനവധികാഞ്ചനമോതം
ബഹുരകോടിധനമെന്നിവയെല്ലാം
ബഹുമാനേനകൊടുത്തുനരേന്ദ്രൻ
ബഹുമതിയോടുംരാഘവനവയെ
ബഹുമോദേനമുദാള്ളുവരിച്ചു
ചതുരംഗപ്പടയോടുംദശരഥ-
നതിമോദത്തോടുയാത്രപറഞ്ഞഥ
മതിമാനായവസിഷ്ഠമഹാമുനി-
പതിയോടുംതെളിവോടുതിരിച്ചു
പുത്രികളോടുപതിവ്രതമാരൊട

കീർത്തിവിവർദ്ധനമാകിയധർമ്മം
പേർത്തുപദേശിച്ചവരോടുകൂടെ
യാത്രയയച്ചിതുമിഥിലേശ്വരനും
ശ്രീരാമാദികൾമിഥിലാധിപനോടു
ചേതംവന്നുംവിടയുംവാങ്ങി
തേരുകളാനകൾകുതിരപ്പടയോടു-
മാരവമേറുംബഹുവിധമംഗല-
വാദ്യധ്വനിയോടുമത്യുന്നതമായ്
വിദ്യോതിക്കുംതേരതിലേറി
ഖദ്യോതാന്വയതിലകന്മാരവ-
രയോദ്ധ്യാഗേഹംഗമിക്കുന്നേരം.

ഏറാതുഗ്രമഥകാരകൾവട്ടം
ചുറ്റിയുൾക്കടരയമെത്താടടിച്ചു
ഊറ്റമാപ്പൊടിപാറന്നിതിങ്ങിൽ
പെട്ടദിക്കുകളശേഷമിരുണ്ടു
ഭീമമായപരിവേഷസമേതം
ഘർമ്മദീധിതിനഭസ്സിൽമറഞ്ഞു
അംബരാളിരുധിരദ്യുതിയോടും
വ്യാപ്തിഭീതികരമായിരസിച്ചു
ഭാസ്കരാദ്ധ്യുഷിതദിങ്മുഖമായി-
ട്ടുഗ്രമൊടുംശിവകളങ്ങുനദിച്ചു

കാക്കപക്ഷികൾപതറുകളല്ലാ-
മുൾക്കടോരവമൊടാർത്തുപാഞ്ഞു
വൈകൃതങ്ങൾപലമട്ടിലിവണ്ണം
ആകുലംവളരുമാറുമ്പറ്റൻ
കണ്ടവാറുപരിചോടതിഭീതി-
പൂണ്ടുതന്റെഗുരുതന്നോടപൃച്ഛൽ
എന്തിതൊത്തുകമുനേഫലമെന്താ-
ണെന്നുവേണമിനിഞങ്ങളിവണ്ണം
ഭ്രാന്തചിത്തമൊടുചൊന്നതുകേട്ടാ-
ശ്ശാന്തനായമുനിവര്യനുരച്ചു
ഭീതിവേണ്ടനൃപനാഥ!ശുഭംതേ
ഖേദമെന്നിയുളവാകുമിവണ്ണം
ഓതിനിൽക്കുമളവങ്ങൊരുതേജോ
മൂർത്തിമുമ്പിലണയുന്നതുകണ്ടു.
കത്തിയാളിയൊരുരാമമഹാഗ്നി-
ക്കൊത്തതുക്കമതിനൊച്ചിരകാലം
നേത്രജാലമഴകോടുതുടച്ചു
പാർത്തവാറുപുരുഷർഷഭമറിഞ്ഞു
പൂണ്ടിരുല്പുമതിഭീഷണമാംകോ-
ദണ്ഡവുംബതധരിച്ചുനിതാന്തം
ഭസ്മകന്നെയണിഞ്ഞൊരുസാക്ഷാൽ-

ചന്ദനദ്രുവതുപോലെവിളങ്ങി
ക്ഷത്രിയാന്വയനിധനത്തെഗണിപ്പാൻ
തീൎത്ഥതന്നുകരുതുന്നവിധത്തിൽ
ചിത്രമക്ഷജപമാലവലത്തെ
ശ്രോത്രസീമനിധരിച്ചവിശേഷാൽ
ശിക്ഷയിൽജടകൾവല്ക്കലവുംചൂ-
ണ്ടക്ഷിയുഗ്മമുടനൊട്ടുചുവത്തി
തീക്ഷ്ണനാകിയൊരുവെണ്മഴുപൂണ്ടാ-
ത്ര്യക്ഷശിഷ്യവരനാംഭൃഗുരാമൻ
മാൎഗ്ഗമമ്പൊടുതടുത്തുസകോപം
ഉഗ്രവേഗമണയുന്നതുകണ്ടു
വ്യഗ്രമാനസനതാകിയഭൂപൻ
നിഗ്രഹിക്കുമിവനെന്നുമുറച്ച
ബാഹുജാന്വയനിധനത്തിനദീക്ഷി-
ച്ചാഹവത്തിനതുനിന്നെതിരിടപ്പാൻ
ഹാഹനിക്കുമിഹപുത്രനതാമെൻ-
സിംഹവിക്രമകുമാരനെരോഷാൽ
രാമനെന്നുപുകൾപെട്ടൊരുനാമം
ഈശനിന്നതുപോലെയിവന്നും
സാമ്യമുണ്ടതുനിനച്ചിഹകോപി-
ച്ചീമഹാൻസപദിവന്നിതിവണ്ണം:

ഇത്തരംബോധനിനച്ചുമഹീന്ദ്രൻ
ചീർത്തസംഭ്രമമോടുംകടെഖേദം
അർഘ്യമർഘ്യമിതിചൊല്ലിയടുത്താൻ
ദീർഘദർശിഭൃഗുരാമസമീപേ
നോക്കിടാതെനൃപതീന്ദ്രനെരാമൻ
നീക്കമെന്നിവിലസുന്നാവിടത്തിൽ
ഊക്കൊടാശുഭൃഗുസുതൻബതശീഘ്രം
ക്ഷ്വേളാട്ടഹാസമിട്ടുള്ളതടുത്തു
ഉഗ്രമായശരമൊന്നുധനുസ്സിൽ
വ്യഗ്രമോടമതുവിട്ടതൊടുത്തു
ഉഗ്രമക്ഷികളുരുട്ടിമിഴിച്ചു-
ട്ടുഗ്രവാക്യമുരചെയ്തിതുഗ്രൻ.

നിൽക്കുകസമ്പ്രതിമർത്ത്യപശോ!നീ-
യോർക്കുകഭാർഗ്ഗവനെന്നിഹനമ്മെ
മുഷ്കുകളെന്നൊടുപാറില്ലെന്നായ്
ദുഷ്കൃതബുദ്ധേ!ചിന്തിച്ചാലും
ശത്രുക്കളതാംക്ഷത്രിയവംശം
തീർത്തഥഞാനിരുപത്തൊന്നുരു
ധൂർത്ത!ശമത്തൊടുവാഴുമ്പോൾമമ-
കീർത്തികറുപ്പാനസഹിച്ചോരു-

മൂഢ! നിനക്കുവല്ലതെന്തൊരു പൌരുഷ-
മുംകൂടെ ദോഷമെനിക്കുളവാകിൽ.
പാരാതങ്ങു സൎപ്പശ്രേഷ്ഠനെ
നേരൊട്ടുവടിയാൽക്കുത്തുന്നാകിൽ
ചീറിയടുക്കും സംശയമില്ലതു-
പോലെനിക്കുമടങ്ങാൻവഹിയാ
മററാരുരാജശ്രേഷ്ഠന്മാൎക്കും
ചൊറവല്ലഭൎക്കഴിയാതുള്ളൊരു
മൃത്യുഞ്ജയനുടെ ചാപം നീ വെറു
ചിത്തമദേനമുറിച്ചതുമൂലം
എൻഭുജവീൎയ്യത്തിന്നുടെഭംഗം
സമ്പ്രതിഖണ്ഡിച്ചെന്നാക്കുന്നൻ
ഞാനല്ലാതിനിമറെറാരുരാമൻ
ഉണ്ടാവിട്ടകവിക്കുന്നതുമെ
മാനുഷരൊരുണ്ണനൊടുവിഷ്ണു
നൂനം നീ കേട്ടറിയുന്നില്ലേ
സന്താനംമമകീൎത്തിയുടക്കാ-
നൊരെത്താരുനീയുംപണ്ടുപെറ്റുവിൻ
വത്സാക്രമിയാംഹൈഹയപുത്രന-
മസ്ത്രമെടുക്കമിനിക്കിഹതുല്യം
ക്ഷത്രിയവംശമടക്കെവെന്നൊരു

കീൎത്തിക്കാകാവുണ്ടിഹനിന്നെ
തീൎത്തില്ലെങ്കിലൊരുത്തൻമതിമതി-
യോൎത്താലെന്നുടെകീൎത്തിനശിപ്പാൻ
ശങ്കരചാപത്തിന്നുടെസാരം
പങ്കജനേത്രൻതന്നോജസ്സാൽ
പണ്ടുഹരിച്ചാനതുഖണ്ഡിപ്പാ-
നിണ്ടമലൊഴികെത്താരുശിഷ്യമതിയാകാം
നരിയുടെവേഗാരൂഢപുഴക്കയു
മെദുരമായഘനമതുവിഴിപ്പാൻ
ഋതുവാംകാററിനുമുണ്ടാകാംബല-
മതിലില്ലത്രനമിക്കൊരുവേശം
അതുകൊണ്ടിപ്പൊഴെൻധനുസ്സിളു
മറ്റാൻനീകലയേററന്നാകിൽ
മതിമതിയുദ്ധാവേശമിലിഹഞാൻ
ജിതനായ്നിന്നാൽഭുജബലമൂലം
അല്ലന്നാലെൻവെണ്മഴുവിതിനാൽ
നിന്നുടെഗളനാളത്തെമുറിപ്പാൻ
തെല്ലുംസംശയമില്ലിഹനിന്നെ
പുല്ലോളംഭയമില്ലനമുക്ക്
ഇത്തരമുൾക്കടരോഷത്തോടും
മൃത്യുഞ്ജയനുടെശിഷ്യൻഭാൎഗ്ഗവ-

ന്നുച്ചരിച്ചതു കേട്ടു ഭൃഗുപതിരി-
വാച്ചരഘൂത്തമനരുളിച്ചെയ്തു
വകതിരിവില്ലാതുള്ളൊരു ബാലക-
നകമലരിൽ ചെറ്ററിയാതിത്തര-
മപരാധം ചെയ്യുകിൽ ബുധന്മാ-
രതു കനിവോടു പൊറുത്തീടേണം
നിന്തിരുവടിയിഹ കോപിക്കുന്നതു
സന്തതമോർത്താൽ ധർമ്മവിരുദ്ധം
എന്തിന്നടിയനെ രോധിക്കുന്നതു
സന്തോഷത്തോടു പോകണമതിനായ്
ഇന്നതും ചെയ്തു മഹാമതിമാനാ-
കന്നവമാനനമിച്ചീടുന്നോൻ
എന്നതുരചെയ്തു കരങ്ങളിണക്കൂപ്പി-
ട്ടുന്നതനായ രഘൂദ്വഹനോട-
ങ്ങുന്നതകോപമൊടൊട്ടു ചെറുസ്മേരമാ-
യൊന്നുരചെയ്തിതു ഭാർഗ്ഗവരാമൻ
ശൂരാഗ്രേസരനെന്നാകിലുമാവാം
പോരാനെന്നോടു മനക്കലകീട!
ശങ്കരചാപം ഖണ്ഡിച്ചെന്നൊരു
ഉൽക്കൃതി നിന്നുടെ ഹൃദയത്തിങ്കൽ
തുള്ളിമറിഞ്ഞു ഹസിക്കുന്നൊന്നീ

ഉള്ളനടിക്കുന്നതുമതിമൂഢ!
പെൺകലഹന്നാം ചെയ്യൊരുനിന്നുടെ
കൈക്കരുത്തറിഞ്ഞാൻകേട്ടറിയും
വില്ലുകുലപ്പാൻകഴിവില്ലെന്നാൽ
നില്ലുകരക്കണമെന്നുടെമുന്നിൽ
ഉഗ്രമതായൊരീവെണ്മഴുവിനു
വ്യഗ്രതവിട്ടൂണാകും നിന്നെ
ഭാർഗ്ഗവരാമൻതന്നുടെഹാസ്യം
ഭാഗ്യാംബുധിരഘുനാഥൻകേട്ടട-
നന്തരമിത്തരമരുളിച്ചെയ്തിതു
ചീർത്തരുഷാരുധിരാരുണനേത്രൻ
ഹാസ്യമതിമതിമാന്യന്മാർക്കിതു
നിസ്സംശയമിതുഘോരാകൃതേ!
താടകയെന്നുടെമാതാവല്ലിതു
മൂഢാത്മാവേ!ബോധിച്ചാലും
മാന്യനതായഭവാനൊട്ടുക്കുട-
ജന്യംചെയ്വാൻഭയവുംനാസ്തി
വില്ലിഹതന്നാലാശുകുലച്ചീടാ-
മല്ലെന്നാൽവേണ്ടതുചൊന്നാലും
എന്നരുൾചെയ്തുധനസ്സുംവാങ്ങി-
സ്സുന്ദരനായരഘൂത്തമനപ്പോൾ

യത്നംകൂടാതങ്ങുകുലച്ചാൻ
പുത്രൻശരമതിലാശുതൊടുത്തു
നിൽക്കുന്നോരംദിക്കുകളെല്ലാ-
മുൾക്കാമ്പിൽഭയമോടുവിറച്ചു
നോക്കുന്നോരോരോതരജനപുഞ്ജം
ദിക്കുകൾശോഭികളെന്നാതദീപ്ത്യാ
നിൽക്കുംവണ്ണംകണ്ടുജനൗഘ-
മുൽക്കടഭീത്യാകണ്ണുമടച്ചുഭ-
ക്ത്യാശ്രീരാമേതിജപിച്ചിതു
ഭക്തപ്രിയനെന്നിനച്ചുനിതാന്തം
ശ്രീരാഘവനുംഭാർഗ്ഗവരാമനെ
യാരാൽതേജസ്സററാതശിഖിപോൽ
കാരുണ്യത്തൊടുകണ്ടുനതംചെയ്തിതു
ഭോ! ഭോ! ഭാർഗ്ഗവപേടിക്കേണ്ട
ആരണനെന്നുനിനച്ചിഹചിത്തേ
ചേരുംകൃപയൊടുശരമിന്നിഞാൻ
നേരിട്ടമ്പൊടയയ്ക്കുന്നില്ലിതു
വേറിട്ടെവിടെയയച്ചീടേണ്ടു
നിഷ്ഫലമല്ലിതുസംഹാരത്തിനു-
മിപ്പൊഴുതോർത്താലെളുതല്ലൊട്ടും
ഗതിയോതവസ്വർഗ്ഗത്തിൻഗതിയോ

മതിമൻ!ഞാനിഹഖണ്ഡിക്കേണ്ടു
പറയുകയെന്നതുമിച്ചെയ്യാതനേരം
തരസാഭാർഗ്ഗവരാമൻതാനും
കരുണാനിധിയാംരഘുകുലനാഥനെ-
യുരുമോദേനപുകഴ്ത്തിവിനീതൻ.

ശ്രീരാമ!ദശരഥസൂനോ!ലോകാഭിരാമ!
ശ്രീരാമ!രഘുകുലഭീമ!സദാത്മാരാമ!
വാരിവാഹാഭിരാമ!സോമകോമളമുഖ-
വാരിജ!ജനകജാനേത്രാഭിരാമ!രാമ!
ഘോരദുരിതദാവപാവക!നരകാരേ!
നീരജനാഭ!നിത്യ!നിത്യംനമോനമസ്തു
നിശ്ചല!നിരഞ്ജന!നിഷ്ക്രിയ!നിരാധാര!
നിഷ്കള!നിർവ്വികാര!നിർമ്മല!നിഷ്കളങ്ക!
സച്ചിദാനന്ദരൂപ!സത്യവിക്രമ!സദാ-
വിശ്വവ്യാപക!വിശ്വപാലക!നമോസ്തുതേ
വിശ്വസൃഷ്ടിരക്ഷണസംഹാരതിരോഭാവ
വിശ്വാനുഗ്രഹകര!വിശ്വൈകവീര!പ്രഭോ!
അച്യുതാനന്ത!വിഷ്ണോ!വിഷ്ടപാധാര!വിഭോ!
വിശ്രുതകീർത്തകാത്തുരക്ഷിക്കവേണംനിത്യം
ആർത്തികളെല്ലാമൊഴിച്ചാർത്തിനാശന!നമ്മെ

ചേർത്തിടവേണംവല്ലാതെക്കുള്ള!നമസ്തേ
ചക്രതീർത്ഥത്തിൽപണ്ടുചക്രപാണിയാംനിന്നെ
വിക്രമനിധേഞാനുംഭക്ത്യാതപസ്സുചെയ്തേൻ
ഭക്തപ്രിയനാംനീയുമെന്റെസമ്മോദത്തോടെ
പ്രത്യക്ഷനായിനമ്മോടിത്തരമരുൾചെയ്തു
ഉത്തമോത്തമ!നിസ്പൃഹതയോടെനിക്കുമെന്നഭവാൻ
കാർത്തവീര്യാർജ്ജുനനാമവനെനിഗ്രഹിച്ചുടൻ
ക്ഷത്രിയവംശമിരുപത്തൊന്നുവട്ടംമുടി-
ച്ചുത്തമൻകാശ്യപനായ്പൃഥ്വിയെദാനംചെയ്തു
പ്രേമമോടുയുഗമതിൽദശരഥിയായീടും
രാമനാംജനിക്കുന്നമൂർത്തതേജസ്സിനെ
തന്നാലുപായമായതിപ്രയോഗമായൂപ-
ജാതനായുള്ളതാതവിഷ്ണുചൈതന്യത്തെകേൾക്ക
ഇത്തരമരുളിച്ചെയ്തുവൈകുണ്ഠപാലനൊരു-
ട്ടവർകൃതാർത്ഥനായ്പ്പോയ്മറഞ്ഞതല്ലോ!
ചിത്തമോദമോടെന്നാലർപ്പിച്ചവസ്തുക്കളെല്ലാം
ചിരമമോദമോടെചെയ്തുപാർത്തോരുവരെല്ലാം
സത്യംദാശരഥിയാളൂൾബലംതന്നിലഹോ
ദുഷ്ടനാംരാവണനെനിഗ്രഹിപ്പതിനായി
മർത്ത്യനായ്പ്പിറന്നുള്ളസാക്ഷാൽവൈകുണ്ഠൻഭവാ-
നാർത്തികൾശമിപ്പിച്ചുകാത്തുകൊള്ളുകനിത്യം

എന്നിലിരിക്കുന്നൊരുവൈഷ്ണവമാംതേജസ്സും
തന്നുകൃതാൎത്ഥനായെനിന്നനുഗ്രഹാൽ
ഒട്ടുമറിവില്ലാതെകഷ്ടംഞാൻചൊല്ലിയൊരു
ദുഷ്ടവാക്കുകളെന്നിൽത്തുഷ്ട്യാക്ഷമിച്ചീടേണം
എപ്പോഴുമിളകാത്തഭക്തിഭവല്പാദത്തി-
ലുല്പലനേത്ര!നമുക്കുൾപ്പൂവിലുണ്ടാകേണം.
പുണ്യതീൎത്ഥങ്ങൾതോറുമല്ലേറ്റുരാജീവലോചന!
നിന്നെനിനച്ചുകൊണ്ടുസന്തതംസഞ്ചരിപ്പാൻ
ഇന്നുഭവൽകൃപയാലെന്റെഗതിവിഘാതം
നന്ദ്യാചെയ്യരുതെന്നുനന്നായൎത്ഥിച്ചീടുന്നേൻ
സ്വൎഗ്ഗതിവിഘ്നംചെയ്താലൊട്ടുംദുഃഖമില്ല
മാൎഗ്ഗണമവിടെക്കുചിക്കന്നയച്ചുകൊൾക
മറ്റൊരപേക്ഷമമനാസ്തിദേവാനെങ്കലി- [റ്റി
ന്നൊരാംകനിഞ്ഞെന്നാൎത്തിതീൎത്തുരക്ഷിക്കപോ
ഇത്ഥംഭാൎഗ്ഗവരാമൻഭക്തിപരവശനായ്
കീൎത്തിച്ചുനമിച്ചൊരുനേരംശ്രീരാമദേവൻ
ചിത്തംതെളിഞ്ഞുശരമദ്ദേഹംചൊന്നവണ്ണ-
മാൎത്തിവെടിഞ്ഞയച്ചുസ്വൎഗ്ഗതിവിഘ്നംചെയ്തു
കീൎത്തിവൎദ്ധനൻപിന്നെഭാൎഗ്ഗവനിഷ്ടവരം
സത്വരമേകിച്ചിരിച്ചിത്ഥമരുളിച്ചെയ്തു [ഭ-
ഭക്തികൊണ്ടേറ്റംപ്രസാദിച്ചേൻഭവാനെന്നോ

മോക്ഷസുചിരംതപംചെയ്തുവസിച്ചുകൊൾക
അന്ത്യകാലത്തിലെൻറാശാന്തമാംപദംതന്നിൽ
ബന്ധമൊഴിഞ്ഞുചേരുമില്ലസംശയമേതും
ഇത്ഥമരുളിച്ചെയ്തുയാത്രയയച്ചുദേവൻ
ചിത്തകുതൂഹലേനവന്ദിച്ചുതാതപാദം.

അത്ഭുതമത്ഭുതമെന്നവിടെജ്ജന-
മത്ഭുതവീര്യനെയന്നുപുകഴ്ത്തി
താപമകന്നുദശരഥദേവൻ
താപിഞ്ഛശ്യാമളകാന്തികലർന്നൊരു-
കോമളനാംശ്രീരാമൻതന്നെ
സാമോദേനാപുണർന്നിതുഗാഢം
സന്തോഷാശ്രുപൊഴിഞ്ഞുമഹീശൻ
സന്തതമോദമൊടൊന്നുരചെയ്തു
ഭാഗ്യംഭാഗ്യവരാമൻതന്നെ
ദുർഘടമെന്നിജയിച്ചതുനീതാൻ
നരിവായിന്നുപിഴച്ചുഗമിച്ചൊരു
ചെറുപൈതലെന്നകണക്കിഹനിന്നെ
പരശുധരങ്കന്നിഹപേർപെട്ടു
തരസാകണ്ടേൻഭാഗ്യവിശേഷാൽ
എന്നിവചൊല്ലിപ്പലവുരുചുംബി-

ച്ചുന്നതദാദരമോടവനീപാലൻ
തന്നുടെ സൈന്യസമേതമയോദ്ധ്യ-
ക്കനുഗമിച്ചിതുതൻഗുരുവോടും
പുരവാസികളാലാരമലംകൃത-
തരയാകുന്നൊരയോദ്ധ്യാപുരിയിൽ
സുമുഹൂർത്തത്തിൽപുത്രന്മാരോടു-
മമലകളാംതൽപത്നികളോടും
അമലൻദശരഥനമ്പോടുവസി-
ച്ചമിതാനന്ദംഭോഗ്യകളാകും
കൌസല്യാദികളോടുംസുഖമോടു
ഭാസുരകീർത്തിരസിച്ചുവസിച്ചു
ശശിയുംശർവ്വരിതാനുംതമ്മിൽ
ഭൃശമൊന്നിച്ചതുപോലഥരാമൻ
ശശിമുഖിയാളാംജാനകിയോടൊ-
ത്തശിഥിലമോദംമലർവിശിഖന്നുടെ
കളികളുമാടിയയോദ്ധ്യാപുരിയിൽ
തെളിവൊടുവാണിതുകഥകസമ്മതം.

ജയജയരഘുപതേ!വിധിമുഖവന്ദ്യ!
ജയജയജനകജാപതേ!ശരണ്യ!
ജയജയനതസർവ്വജനാവരേണ്യ!

ജയജയവിധുമുഖ! സുജനമാന്യ!
സത്താമാം പരിപാഹി കമലനേത്ര!
പദതളിരിണതവ ശരണം പോററി!
പുരഹരവിരിഞ്ചാദിനിബുധന്മാൎക്കും
അറിയരുതോൎത്താൽ തവ മഹിമലേശം
അറിവില്ലാത്തിവളതങ്ങുരചെയ്യുമ
പരിഹാസകരമായി വരുമെന്നാലും
ദുരിതനാശനമെന്നു കരുതീടുന്നേൻ
കരുണാസാഗര! നമ്മിൽ കനിഞ്ഞീടേണം
നരകാരേ! പുനരന്ത്യസമയത്തിങ്കൽ
നരകം കൂടാതെ കാത്തു തവ പാദത്തിൽ
പരിചിനൊടണയേണം കനിവോടെന്നാ
സരസിജദലനേത്ര! നമോസ്തു തുഭ്യം.

ശുഭമസ്തു.

സീതാസ്വയംവരം ഓട്ടൻതുള്ളൽ

സമാപ്തം.

കേരള സാഹിത്യ
അക്കാദമി